TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക



പ. ബസ്സേലിയോസ്
ഗീവർഗീസ് ദ്വിതീയൻ
ബാവാ

ബഹുമാനപൂർവ്വം

Inserted by

തരകൻ
വെങ്ങാഴിയിൽ
തിരുവനന്തപുരം

1987
ജനുവരി
ലക്കം–1
പുസ്തകം–42





കാലം ചെയ്ത യാക്കൂബ് മാർ പോളിക്കാർപ്പോസ് തിരുമനസ്സിലെ മൃതശരീരം കൊരട്ടി അരമന ചാപ്പലിൽ വച്ച് പ. കാതോലിക്കാ ബാവാ സന്ദർശിച്ചപ്പോൾ. തിരുമനസ്സിലെ ഡ്രൈവറാണ് അടുത്തുനിൽക്കുന്നത്.




# മലങ്കര സഭ

10-1-1987

## പോളിക്കർപ്പോസ് മെത്രാപ്പോലീത്താ കാലംചെയ്തു



കൊച്ചി ഭദ്രാസനത്തിൻെറ സഹായ മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ. യാക്കൂബ് മാർ പോളിക്കർപ്പോസ് തിരുമേനി 1986 ഡിസംബർ 26-ാം തീയതി രാത്രി 11 1/2 മണിക്ക് കഠിനമായ ഹൃദ്രോഗബാധയെ തുടർന്ന് എറണാകുളം ലിസ്സി ആസ്പത്രിയിൽവച്ച് കാലംചെയ്തു. കാലംചെയ്യുമ്പോൾ അദ്ദേഹത്തിന് 65 വയസ്സു പ്രായമുണ്ടായിരുന്നു. കബറടക്കം 27-ാം തീയതി ഉച്ച കഴിഞ്ഞ് പ. കാതോലിക്കാബാവാ തിരുമേനി മററു മെത്രാപ്പോലീത്തന്മാരുടെ സഹകരണത്തിൽ കൊച്ചി ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരി ചാപ്പലിനോടു ചേർന്നു തയ്യാറാക്കിയ പ്രത്യേക കല്ലറയിൽ നടത്തി.

അയ്യമ്പള്ളി മഴുവഞ്ചേരിൽ ചാക്കോമാത്യുവിൻെറയും മുളന്തുരുത്തി മേമുറിയിൽ അന്നമ്മയുടെയും പുത്രനായി അദ്ദേഹം 1921 ഫെബ്രുവരി 19-ാം തീയതി ജനിച്ചു. പിതാവ് മുളന്തുരുത്തിയിലേക്കു താമസം മാററിയതുമൂലം ഈ കുടുംബം മുളന്തുരുത്തി ഇടവകയിൽ അംഗത്വം സ്വീകരിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ട് ഇദ്ദേഹം സി. എം. എസ്. കോളേജിൽ ചേർന്നുപഠിച്ച് ഇൻറർമീഡിയററ് പാസായി. പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് ശെമ്മാശുപട്ടം ഏററ ശേഷം ആലുവാ യു.സി. കോളേജിൽചേർന്ന് ബി. എ. പാസാവുകയും തുടർന്ന് തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽനിന്ന് ബി.ററി. ബിരുദം സമ്പാദിക്കുകയും ചെയ്തു.

### ഈ ലക്കത്തിൽ

* പോളിക്കർപ്പോസ് മെത്രാപ്പോലീത്താ കാലംചെയ്തു
* പ്രാർത്ഥന
* 'പരിശുദ്ധാത്മാവിൽ ജീവിതം
* മാർത്തോമ്മാസഭയുടെ അവകാശവാദങ്ങൾ
* യേശുനാഥൻെറ പൂന്തോട്ടം
* അല്പത്തിൻെറ പ്രാധാന്യം
* വി. കുർബാനയിലെ അപ്പവീഞ്ഞുകൾ കർത്താവിൻെറ തിരുശരീര രക്തങ്ങളോ?
* സഭാവാർത്തകൾ
* Jesus Christ the Saviour of the world

പഴയ സെമിനാരിയിലെ താമസവേളയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്നേഹവാൽസല്യങ്ങൾക്ക് പാത്രീഭൂതനായ ഇദ്ദേഹത്തിന് പ. ബാവാ തിരുമേനി കശ്ശീശാപട്ടം നൽകുകയും തുടർന്ന് കാർത്തികപ്പള്ളി സെ. തോമസ് ഹൈസ്ക്കൂളിൽ ഹെഡ്മാസ്ററായി നിയമിക്കുകയും ചെയ്തു. കാർത്തികപ്പള്ളി സ്ക്കൂളിൽ നിന്ന് കുണ്ടറ എം.ജി.ഡി. ഹൈസ്ക്കൂൾ ഹെഡ്മാസ്ററായി നിയമിക്കപ്പെട്ട ഫാ. എം. എം. ജേക്കബ് ദീർഘകാലം അവിടെ സേവനമനുഷ്ടിച്ച് സ്ക്കൂളിന്റെ വിജയശതമാനം മെച്ചപ്പെടുത്തിയും പുതിയ കെട്ടിടങ്ങൾ പണികഴിപ്പിച്ചും മററും സ്ക്കൂളിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ ഇന്നു കാണുന്ന കുണ്ടറ സിമനാരി കെട്ടിടം പണികഴിപ്പിക്കുകയും ദീർഘകാലം അവിടെ താമസിക്കുകയും ചെയ്തിരുന്നു. അദ്ദേഹം അവിടെ പണികഴിപ്പിച്ച ചാപ്പലിന്റെ മദ്ബഹാ പണി പൂർത്തിയാക്കിയെങ്കിലും മദ്ബഹായിക്കുചേർന്ന ഒരു ഹൈക്കല പണികഴിപ്പിക്കുന്നതിന് സാധിച്ചില്ല. പള്ളിപണി പൂർത്തിയാക്കണമെന്നുള്ള ബാവാ തിരുമനസിലെ ആഗ്രഹം ഫാ. ജേക്കബ് ഹെഡ്മാസ്ററും സെമിനാരി മാനേജരുമായിരുന്ന അവസരത്തിൽ നിവർത്തിക്കുകയുണ്ടായി. കുണ്ടറ സെമിനാരിയിൽ ഇന്നു കാണുന്ന മനോഹരമായ പള്ളിയും കുരിശിൻതൊട്ടിയും ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി പണിതുയർത്തിയിട്ടുള്ളതാണ്.

കുണ്ടറനിന്ന് മാവേലിക്കര എം.എസ്. എസ്. ഹൈസ്ക്കൂളിലേക്കും അവിടെനിന്ന് കോട്ടയം എം. ഡി. സെമിനാരി ഹൈസ്ക്കൂളിലേക്കും ഇദ്ദേഹം ഹെഡ്മാസ്ററായി നിയമിക്കപ്പെട്ടു. എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽ ഹെഡ്മാസ്ററായിരിക്കുമ്പോഴാണ് ഇദ്ദേഹം 1977 ജൂൺ 16–ാം തീയതി മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1978 മേയ് 15–ാം തീയതി പഴഞ്ഞി സെ. മേരീസ് വലിയപള്ളിയിൽവച്ച് ഇദ്ദേഹത്തെയും അസോസ്യേഷൻ തെരഞ്ഞെടുത്ത മററു 4 പേരെയും മാർത്തോമ്മാ മത്യൂസ് പ്രഥമൻ ബാവാ മെത്രാൻമാരായി വാഴിച്ചു. ഇവരിൽ യൂഹാനോൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ 1980–ൽ കാലംചെയ്തു. മാർ ദീവന്നാസ്യോസ്, മാർ ദീയസ്ക്കോറോസ്, മാർ ബർന്നബാസ് എന്നിവരാണ് മററു 3 മെത്രാപ്പോലീത്തൻമാർ.

പഠിക്കുന്ന കാലംമുതലെ ഇദ്ദേഹം നല്ല ഒരു ഫുട്ബോൾ പ്ളേയറായിരുന്നു. ഏതാനും വർഷങ്ങളായി വാതസംബന്ധമായ അല്പം അസുഖങ്ങൾ ഉണ്ടായതല്ലാതെ മററ് അസുഖങ്ങൾ ഒന്നും ഇദ്ദേഹത്തിനില്ലായിരുന്നു. 1985–ൽ ഗൾഫു രാജ്യങ്ങൾ ഇദ്ദേഹം സന്ദർശിച്ചു. ഡിസംബർ 25–ാം തീയതി ക്രിസ്തുമസിന്റെ ശുശ്രൂഷകൾ കൊരട്ടി സെമിനാരി ചാപ്പലിൽ ഇദ്ദേഹംതന്നെ നടത്തി വി. കുർബാനയും ചൊല്ലി. അതുകഴിഞ്ഞ് അരമനയിൽ വിശ്രമിക്കുമ്പോഴാണ് നെഞ്ചുവേദന കഠിനമായി അനുഭവപ്പെട്ടത്. ഉടനെതന്നെ ഡോക്ടറെ വരുത്തുകയും ആവശ്യമായ പരിചരണങ്ങൾ നൽകുകയും ചെയ്തു. സീനിയർ മെത്രാപ്പോലീത്താ യൂഹാനോൻ മാർ സേവേറിയോസ് തദവസരത്തിൽ അവിടെ എത്തി പോളിക്കർപ്പോസ് തിരുമേനിയുടെ തൈലാഭിഷേകശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം എറണാകുളം ലിസി ആശുപത്രിയിലേക്ക് രോഗിയെ

> ## ഭക്തിവാക്യങ്ങൾ
>
> ### പരിശുദ്ധാത്മാവ്
>
> 1. "അവൻ വന്ന്, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും".
>
> യോഹന്നാൻ 16:8

മാററുകയുംചെയ്തു. ആസ്പത്രിയിൽവച്ച് മാർ പക്കോമിയോസ്, മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ എത്തി പ്രാർത്ഥന നടത്തി. കാലംചെയ്യുമ്പോൾ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും വൈദികരും സമീപം ഉണ്ടായിരുന്നു. ഉടനെതന്നെ മൃതദേഹം സ്പിരിററിൽ തുടച്ച് അംശവസ്ത്രങ്ങൾ ധരിപ്പിച്ച് എറണാകുളം സെ മേരീസ് പള്ളിയിലേക്കു മാററുകയും കബറടക്കശുശ്രൂഷയുടെ ക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അവിടെവച്ചുള്ള പ്രാർത്ഥനകൾക്കുശേഷം യാത്രപറച്ചിൽ കഴിഞ്ഞ് മൃതദേഹം അദ്ദേഹത്തിന്റെ ആസ്ഥാനമായ കൊരട്ടി സെമിനാരിയിലേക്കു കൊണ്ടുപോയി ചാപ്പലിൽ ഒരു പീഠത്തിൻമേൽ പടിഞ്ഞാറോട്ട് അഭിമുഖമായി ഇരുത്തി. മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ

## പ്രാർത്ഥന

(ഞങ്ങൾക്കുള്ള കർത്താവേ....)

എന്നധരങ്ങൾ തുറന്നീടിൽ
ഞാൻ പാടും നിൻ ഗീതങ്ങൾ
നീയെന്നുള്ളിൽ വസിച്ചെന്നാൽ
എൻ ഭയമെല്ലാം നീങ്ങിപ്പോം.
കതിരോൻ തന്നുടെ കിരണങ്ങൾ
കണ്ടാലോടും മഞ്ഞലകൾ
എന്നതുപോലങ്ങെൻ പാപം
നീക്കട്ടെ നിൻകൃപയതിനാൽ.
കഴുകണമെന്നെ സോപ്പായാൽ
കറകളശേഷം മാറാനായ്
എൻ നയനത്തിന്നശ്രുക്കൾ
ഏകുന്നീ ഞാൻ; തള്ളരുതേ.

ശാലേം, പുനലൂർ.

---

രാവിലെ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. തുടർന്നു മെത്രാപ്പോലീത്തൻമാരും മററു വൈദികരും ഇടമുറിയാതെ പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു. അപ്പോഴേക്കും സെമിനാരിയിലേക്ക് ആളുകൾ നിറമിഴികളോടെ പ്രവഹിച്ചുകൊണ്ടിരുന്നു. രണ്ടുമണി ആയപ്പോഴേക്കും സെമിനാരിയും പരിസരങ്ങളും ജനനിബിഡമായി കഴിഞ്ഞു.

രണ്ടരമണി ആയപ്പോഴേക്കും മൃതദേഹം അലങ്കരിച്ച രഥത്തിൽ കയററി നഗരികാണിക്കൽ ചടങ്ങ് നിർവ്വഹിച്ചു. മെത്രാപ്പോലീത്തൻമാരും കറുത്ത കുപ്പായം അണിഞ്ഞ വൈദികരും കറുത്ത ബാഡ്ജുകൾ ധരിച്ച ആയിരക്കണക്കിന് സ്ത്രീപുരുഷൻമാരും നഗരികാണിക്കലിൽ സംബന്ധിച്ചു. നഗരികാണിക്കൽ കഴിഞ്ഞ് മൃതദേഹം പള്ളിയിൽ കൊണ്ടുവന്ന് മദ്ബഹായിൽ വച്ചശേഷം കാതോലിക്കാബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കശുശ്രൂഷയുടെ അവസാനഭാഗം നടത്തപ്പെട്ടു. ദാനിയേൽ മാർ പീലക്സിനോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ പക്കോമിയോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, മത്യൂസ് മാർ എപ്പിപ്പാനിയോസ്, പീലിപ്പോസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നീ തിരുമേനിമാരും കോറെപ്പിസ്ക്കോപ്പാമാരും എൻ.ജെ. തോമസ്, പി.സി. യോഹന്നാൻ, സി. കെ. ജോസഫ് എന്നീ റമ്പാൻമാരും നൂറിൽപരം മററു വൈദികരും ശുശ്രൂഷയിൽ ഭാഗഭാക്കുകളായിരുന്നു.

ശുശ്രൂഷാമദ്ധ്യേ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. ഒന്നിച്ച് അഭിഷിക്തരായ അഞ്ചുപേരിൽ ഏററവും ഇളയ ആൾ നേരത്തെയും ഏററവും മൂത്ത ആൾ ഇപ്പോഴും തങ്ങളിൽനിന്നു വേർപ്പെട്ടു പോയതിലുള്ള ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഇടറിയ സ്വരത്തിലാണ് തിരുമേനി പ്രസംഗം ആരംഭിച്ചത്. പ. പൗലോസ് ശ്ളീഹാ തീമോത്തിയോസിനോട് നിർദ്ദേശിച്ചതുപോലെ നല്ല വിശ്വാസവും നല്ല മന:സാക്ഷിയുമായി സേവനം അനുഷ്ടിച്ച ധന്യാൽമാവാണ് കാലംചെയ്ത പോളിക്കർപ്പോസ് മെത്രാപ്പോലീത്താ എന്ന് അദ്ദേഹം വ്യക്തമാക്കി. വിശ്വാസസ്ഥിരതയോടെ പോരാടിയ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ കാതോലികവും ശ്ളൈഹീകവുമായ വിശ്വാസത്തെ മുറുകെപിടിച്ചിരുന്നു എന്നും വടക്കൻ ഭദ്രാസനങ്ങളിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ പല പ്രശ്നങ്ങളും നേരിടേണ്ടിവന്ന സന്ദർഭങ്ങളിൽപോലും തിന്മയും അനീതിയുമായി ഒരിക്കലും പൊരുത്തപ്പെടുവാൻ തയ്യാറാവാത്തവിധം സത്യവിശ്വാസ സ്ഥിരതയോടും ഉത്തമ മന:സാക്ഷിയോടുംകൂടി അദ്ദേഹം പോരാടി വിജയം വരിച്ചു എന്നും ദീർഘകാലത്തെ അദ്ധ്യാപക സേവനംമൂലം വലിയ ഒരുകൂട്ടം ശിഷ്യഗണങ്ങളെ നല്ല ശിക്ഷണത്തിൽ വളർത്തിയെടുക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു എന്നും മലങ്കരസഭയ്ക്കും പ്രത്യേകിച്ച് കൊച്ചി ഭദ്രാസനത്തിനും ഈ വേർപാട് ഒരു തീരാനഷ്ടമാണെന്നും അദ്ദേഹത്തിന്റെ ആൽമാവിനുവേണ്ടി സഭാമക്കളെല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നും ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തന്റെ പ്രസംഗത്തിൽ അനുസ്മരിപ്പിക്കുകയുണ്ടായി.

പ്രസംഗത്തെ തുടർന്ന് കാലംചെയ്ത മെത്രാപ്പോലീത്താ ദിവ്യബലി അർപ്പിച്ച പ. മദ്ബഹായോടും ദേവാലയത്തോടും വൈദികരോടും ജനങ്ങളോടും സമാധാനത്തോടെ വസിക്കുക എന്നു ചൊല്ലി മെത്രാപ്പോലീത്തായ്ക്കുവേണ്ടി പ. കാതോലിക്കാബാവാ യാത്രചോദിച്ചപ്പോൾ കൂടിയിരുന്ന വൈദികരും ജനങ്ങളുമെല്ലാം ഇടറിയ കണ്ഠത്തോടെ

# 'പരിശുദ്ധാത്മാവിൽ ജീവിതം'

ഡിസംബർ 25–29 തീയതികളിൽ പരുമലയിൽ നടന്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനത്തിന്റെ അവലോകനം.

**ജോസ് ചെമ്മൺ**

1986 ഡിസംബർ 25:

അന്നത്തെ സന്ധ്യ ഏറെ പ്രശോഭിതമായിരുന്നു.

ആദ്ധ്യാത്മിക ചൈതന്യത്തിന്റെ അനുഭൂതികളിൽ അലിഞ്ഞമരാൻ കൊതിച്ച ഒരു പറ്റം യുവാക്കളുടെ ആത്മമന്ത്രങ്ങൾ അവിടെ അലയൊലി മുഴക്കി. സൂര്യൻ പമ്പാനദീതീരത്ത് ചെങ്കതിരുകൾ വിടർത്തി. ആ സന്ധ്യയിലെ അനുഭവം അവിസ്മരണീയമായി മനസ്സുകളിൽ തുടികൊട്ടി നിന്നു.

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ 78–ാം വാർഷികസമ്മേളനം ഡിസംബർ 25–28 വരെയുള്ള തീയതികളിൽ പരുമലയിൽ അരങ്ങേറി. പരിശുദ്ധ പരുമല തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമല സെമിനാരിയിൽ നടന്ന സമ്മേളനം ദക്ഷിണ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ യുവതീയുവാക്കന്മാരുടെ സഹകരണത്താലും പ്രാർത്ഥനയാലും മികവും മിഴിവും ഉറ്റതായിത്തീർന്നു. 25–ാം തീയതി വൈകിട്ട് 5 30–ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് സമ്മേളനം ഔപചാരികമായി ഉത്ഘാടനം ചെയ്തു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കു കടക്കാൻ വെമ്പൽകൊള്ളുന്ന ഈ ലോകത്തെ നന്മയ്ക്കുവേണ്ടി ഇളക്കിമറിക്കുവാൻ വിദ്യാർത്ഥി സമൂഹത്തിന് കഴിയട്ടെ! പരിശുദ്ധ ബാവ ആശംസിച്ചു.

അതിലേക്ക് പരുമല തിരുമേനിയുടെയും അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖരായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെയും പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും കാൽച്ചുവടുകളെ പിൻതുടരണമെന്നും അവർ കാട്ടിതന്ന വഴിയിൽകൂടെ നടന്ന് അവർ കാത്തുസൂക്ഷിച്ച സഭയുടെ വിശ്വാസാചാ

(ശേഷം 31–ാം പേജിൽ)

---

'പിതാവെ സമാധാനത്തോടെ പോവുക' എന്ന് പ്രതിവചിച്ചു.

തുടർന്ന് മൃതദേഹം മദ്ബഹായുടെ വടക്കുവശത്തായി പ്രത്യേകം തയ്യാറാക്കിയ കല്ലറയിലേക്കു കൊണ്ടുപോയി. അവിടത്തെ പ്രാർത്ഥനകൾക്കു ശേഷം കൊച്ചി ഇടവകയുടെ വലിയ മെത്രാപ്പോലീത്താ തന്റെ സഹായകന്റെ ശിരസ് ശോശപ്പാകൊണ്ടു മൂടി തൈലം ഒഴിച്ച് അഭിഷേകംചെയ്ത് പ്രാർത്ഥനകൾ ചൊല്ലിയവസാനിപ്പിച്ചപ്പോൾ സന്നിഹിതരായ മെത്രാപ്പോലീത്താമാരും വൈദികരും ജനങ്ങളും നിറമിഴികളോടും ഇടറിയ സ്വരത്തോടും ആമ്മീൻ പറഞ്ഞ രംഗം ഏറ്റവും ഹൃദയസ്പർശകമായിരുന്നു. ഇതിനുശേഷം മൃതദേഹം കുഴിയിൽ ഇറക്കി കുന്തിരുക്കംകൊണ്ട് മൂടി. ധൂപപ്രാർത്ഥനയോടുകൂടി ശുശ്രൂഷകൾ അവസാനിച്ചു. തിങ്ങികൂടിയ ജനങ്ങളെല്ലാം കബർ സന്ദർശിച്ച് പ്രാർത്ഥിച്ച് പിരിഞ്ഞുപോയി.

ഏബ്രഹാം മാർ സേവേറിയോസ്, തോഴിയൂർ ഇടവകയുടെ മാർ കൂറിലോസ് എന്നീ മേല്പട്ടക്കാരും തിരുമനസിലെ മൃതശരീരം സന്ദർശിച്ചു പ്രാർത്ഥനകൾ നടത്തി. സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം, സെക്രട്ടറി പോൾ മത്തായി, തോമസ് കുതിരവട്ടം എം. പി, എം. എൽ. എ. മാരായ റ്റി. എസ്. ജോൺ, കെ. ജി. ജോർജ് എന്നിവരും കാലംചെയ്ത തിരുമനസിലെ ഇടവകയായ മുളന്തുരുത്തി സെ. തോമസ് പള്ളിയിലെ വികാരി ഫാ. കെ.ജെ.കുറിയാക്കോസും, ഭദ്രാസന പ്രതിനിധികളും, കോളേജ് പ്രിൻസിപ്പാൾമാരും, മറ്റ് വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികളും വിവിധ മതസ്ഥരായ വ്യക്തികളും മൃതദേഹത്തിൽ പുഷ്പചക്രങ്ങൾ സമർപ്പിക്കുകയുണ്ടായി.

# മാർത്തോമ്മാ സഭയുടെ അവകാശവാദങ്ങൾ (V)

**ജോർജ് വർഗീസ്, മദ്രാസ്**

## മഹാനായ മാർ മത്യൂസ് അത്താനാസിയോസ് യാക്കോബായ മെത്രാപ്പോലീത്താ

അബ്രഹാം മല്പാന്റെ സഹോദരപുത്രനായി 993 മേടം 10–ാംനു ജനിച്ച മാർ മാത്യൂസ് അത്താനാസിയോസ് മെത്രാപ്പോലീത്താ 1842–ന് കൊല്ലം 1017 കുംഭം 2–ാംനു അന്താക്യായുടെ മാർ ഏലിയാസ് പാത്രിയർക്കീസിൽനിന്ന് പട്ടമേറ്റ് 1843 മാർച്ചിൽ മടങ്ങിവന്നതിനുശേഷം 10 വർഷത്തോളം തിരുവിതാംകൂർ മഹാരാജാവിന്റെ വിളംബരത്തിനായി കാത്തിരിക്കേണ്ടിവന്നു. 1027 കർക്കിടകം 15–ാം തീയതിയാണ് അദ്ദേഹത്തിനു തിരുവെഴുത്തു വിളംബരം കിട്ടുന്നതും സഭാഭരണമേൽക്കുന്നതും.

പാത്രിയർക്കീസ് മെത്രാപ്പോലീത്തായിക്കു കൊടുത്ത സ്താത്തിക്കോന്റെ പകർപ്പ് തിരുവനന്തപുരം റോയൽ കോടതിവിധിയിൽ 'M' അക്കമായി 154–ാമത്തെ വിധിന്യായഖണ്ഡികയിൽ ചേർത്തിട്ടുള്ളതിൽ അദ്ദേഹത്തിന്റെ മേൽപട്ടത്തിന്റെ സാധുത്വം അവിതർക്കിതവും നിരാക്ഷേപവുമാണ് എന്നുകാണാം.

മാർ മത്യൂസ് അത്തനാസ്യോസ് അബ്രഹാം മല്പാന്റെ നവീകൃതവിശ്വാസത്തെ അവലംബിച്ചിരുന്ന ഒരു നവീകരണക്കാരനായിരുന്നുവെന്നു മാർത്തോമ്മാ സഭാചരിത്രകാരൻമാരും ആ സഭയിലെ മേല്പട്ടക്കാരും വാദിക്കുന്നതു സർവ്വാബദ്ധം. അതിനു ഉദാഹരണമായി അവർ സാധാരണ അവതരിപ്പിക്കുന്ന ലക്ഷ്യം, 1077 വൃശ്ചികം 12–ാം തീയതി കേരളത്തിലെ യാക്കോബായക്കാർ ഒന്നുചേർന്നു പുലിക്കോട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിക്കു നൽകിയ മംഗളപത്രത്തിൽനിന്നുദ്ധരിച്ചുകൊണ്ടുള്ള ചില ഖണ്ഡികകളും, മെത്രാപ്പോലീത്തായുടെ സ്നേഹിതൻമാരായ ജോർജുമാത്തൻ പാദ്രി, ബേക്കർ സായ്പ്, ചില യാക്കോബായ പ്രമുഖൻമാർ മുതലായവരുടെ രേഖകൾ കാണിക്കാമെന്നുള്ള പ്രസ്താവനകളുമാണ്. അബ്രഹാം മല്പാൻ നവീകരണക്കാരനായിരുന്നുവെങ്കിൽ, പത്രോസ് പാത്രിയർക്കീസും, കൂറിലോസു ബാവായും, ശീമമെത്രാൻമാരും, മാർ മത്യൂസ് അത്തനാസിയോസും നവീകരണക്കാരായിരുന്നു. പക്ഷെ രണ്ടു കൂട്ടരുടെയും നവീകരണം രണ്ടു തരത്തിലായിരുന്നുവെന്നേയുള്ളു. ഒന്ന്, മൗലികതത്വസ്പർശിയായ അകാതോലിക നവീകരണമായിരുന്നുവെങ്കിൽ, മറ്റേത് ആചാരപരമായ കേവല പരിഷ്കാരങ്ങൾ മാത്രമായിരുന്നു. കാലവും സമുദായവും വളരുന്തോറും ആചാര പരിഷ്ക്കാരങ്ങൾ എവിടെയും അവശ്യം സംഭാവ്യമത്രെ. എന്നാൽ മർമ്മപ്രധാനമായ മതവിശ്വാസതത്വങ്ങളുടെ സ്ഥിതി അങ്ങനെയല്ല.

മഹാനായ ഈ മെത്രാപ്പോലീത്താ മരണപര്യന്തം മലങ്കര ഓർത്തഡോക്സ് സുറിയാനി (യാക്കോബായ) സഭയുടെ ആകമാന മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തിന്റെ ഉൽകൃഷ്ടങ്ങളായ ആശയങ്ങൾ ശരിക്കു ഗ്രഹിക്കത്തക്കവണ്ണം അന്നത്തെ സുറിയാനി സമുദായം വളർച്ച പ്രാപിച്ചിരുന്നില്ല. സഭയുടെ പൂർവീകവും വിശുദ്ധവുമായ വിശ്വാസാചാരങ്ങൾക്കു ഭംഗംകൂടാത്ത നിലയിൽ ഒരു നിർമ്മലീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചു അദ്ദേഹത്തിനു ബോധമുണ്ടായിരുന്നു. എന്നാൽ വിശ്വാസാചാര വിധ്വംസകവും സാഹസികവുമായ പരിവർത്തനങ്ങൾ സംജാതമാകത്തക്ക പരിതസ്ഥിതികൾ ആവിർഭവിപ്പിക്കയെന്നുള്ളത് ഏറ്റവും ആപൽക്കരമായ ഒന്നാണെന്നും, വൈദികരും ജനങ്ങളും വിദ്യാഭ്യാസത്തിലും വേദഗ്രന്ഥപാരായണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുമ്പോൾ മിഥ്യാസങ്കല്പങ്ങളും അനാചാരപ്രസക്തിയും സ്വാഭാവികഗതിയിൽ താനെ ഒഴിഞ്ഞുപോയ്ക്കൊള്ളുമെന്നും, ഏകയോഗമായി കഴിയുന്ന ഒരു സമുദായത്തെ നവീകരണത്തിന്റെ പേരിൽ വെട്ടിനുറുക്കി ഛിന്നഭിന്നമാക്കുന്നത് ഒരു മഹാപാതകമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണക്ക്



താമസിച്ചതിനു ക്ഷമാപണം—ഒരു വിശ്വാസി.



അഭിപ്രായം. ഇടവക സന്ദർശനം നടത്തുന്നതായ അവസരങ്ങളിൽ അദ്ദേഹം അതതു സ്ഥലത്തെ കാര്യബോധവും, തിരിച്ചറിവും നിരീക്ഷണ ശക്തിയുമുള്ള അയ്മേനികളോട് വിശ്വാസാചാര വിഭ്വംസകമല്ലാത്ത നിർമ്മലീകരണത്തിന്റെ ആവശ്യകത, അതിന്റെ സ്വഭാവം, മിഷ്യണറിമാരുടെ നവീകരണ വിശ്വാസാചാരങ്ങളുടെ അകാതോലികത്വം എന്നിവയെ സംബന്ധിച്ചു സംഭാഷണം നടത്തുക പതിവായിരുന്നു. സിറിയൻ ക്രിസ്ത്യൻ സമുദായത്തിനുവേണ്ടി മഹാകാര്യങ്ങൾ സാധിച്ചിട്ടുള്ള ആ ഗംഭീരപുരുഷന് അദ്ദേഹത്തിന്റെ അന്ത്യകാലത്തു സ്വസമുദായം നൽകിയ ഉപഹാരം നന്ദികേടും പകയും ദ്രോഹവും തിരസ്കാരവും മാത്രമായിരുന്നു. എങ്കിലും സ്വന്തം സഭയുടെ വിശ്വാസാചാരങ്ങളെ അദ്ദേഹം അവസാന നിമിഷംവരെക്കും അന്യൂനമായി പാലിക്കുകതന്നെ ചെയ്തു.

അബ്രഹാം മല്പാന്റെ നവീകരണത്തോട് മാർ മത്യൂസ് അത്തനാസ്യോസ് ആദ്യം മുതൽക്കെ എതിരായിരുന്നുവെന്ന് മല്പാന്റെ ജീവചരിത്രം വായിച്ചാൽ അറിയാം. മാർ മത്യൂസ് അത്തനാസിയോസ് യാക്കോബായ ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളിൽ ദൃഢനിഷ്ഠനായിരുന്നു. ഒരു ഉദാഹരണം മാത്രം ചൂണ്ടിക്കാണിക്കാം. കൊല്ലവർഷം 1052 കർക്കിടകം 2-ാം തീയതിയാണ് അദ്ദേഹം കാലംചെയ്തത്. കർക്കടകം 1-ാം തീയതിയാണ് അദ്ദേഹം രോഗശയ്യയിൽവച്ച് പ്രസിദ്ധമായ തന്റെ അന്ത്യകല്പന പുറപ്പെടുവിച്ചത്. അതിലെ അവസാന ഖണ്ഡികയാണ് താഴെ ചേർക്കുന്നത്.

'വിശേഷിച്ചും നമ്മുടെ രോഗക്കിടക്കയിൽ.... നമുക്ക് ആവശ്യപ്പെട്ടിരിക്കുന്ന ആശ്വാസവും ബലവും സമാധാനവും നമുക്ക് നൽകപ്പെടുകയും, നമ്മുടെ ഒടുവിലത്തെ ശ്വാസത്തിനോളവും നമ്മുടെ ആത്മാവിനെ സാത്താന്റെ സകല കെണികളിൽനിന്നും താൻ സൂക്ഷിച്ച് ശേഷിക്കപ്പെട്ടിരിക്കുന്ന ശുദ്ധീകരണം തന്റെ റൂഹായെക്കൊണ്ടു നമുക്ക് പൂർണ്ണമാക്കിത്തരുകയും ചെയ്യുവാനായി നിങ്ങളെല്ലാവരും മുട്ടിക്കപ്പെട്ട പ്രാർത്ഥന നമുക്കുവേണ്ടി അണക്കണമെന്നും നാം നിങ്ങളോട് അപേക്ഷിക്കുന്നു.'

ഒടുവിലത്തെ ശ്വാസത്തിനോളവും (മരണം വരെക്ക്) ആത്മാവിനെ സാത്താന്റെ സകല കണികളിൽനിന്നും സൂക്ഷിച്ചു കഴിഞ്ഞാൽ പിന്നീടു ശേഷിക്കപ്പെട്ടിരിക്കുന്ന ശുദ്ധീകരണം പൂർണ്ണമായി ലഭിപ്പാനാണ് മെത്രാച്ചൻ മററുള്ളവരുടെ പ്രാർത്ഥനയെ ആവശ്യപ്പെടുന്നത്. ഒടുവിലത്തെ ശ്വാസത്തിനോളമുള്ളത് കഴിച്ച് ശേഷിക്കപ്പെട്ടിരിക്കുന്ന ശുദ്ധീകരണം പൂർണ്ണമാക്കിത്തരുവാൻ സമാംഗങ്ങൾ പ്രാർത്ഥിക്കണമെന്നു പറഞ്ഞാൽ, തന്റെ മരണശേഷം തന്റെ ആത്മാവിന്റെ വിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നു അദ്ദേഹം താൽപ്പര്യപ്പെടുന്നുവെന്ന് സ്പഷ്ടം. ഒടുവിലത്തെ ശ്വാസത്തിനോളവും ആവശ്യംവേണ്ട 'സൂക്ഷിപ്പു' കഴിഞ്ഞാൽ പിന്നീടു ശുദ്ധീകരണം ആവശ്യമുള്ളത് അന്ത്യശ്വാസത്തിൽനിന്ന് വേർപ്പെട്ട പരേതാൽമാവിന്ന് മാത്രമാണെന്ന് വ്യാഖ്യാനം കൂടാതെതന്നെ ആർക്കും മനസ്സിലാക്കാവുന്നതാണ്. ഇങ്ങനെ കാലംചെയ്യുന്നതിന്റെ തലേദിവസംകൂടിയും മഹാനായ ആ മെത്രാപ്പോലീത്താ യാക്കോബായ ഓർത്തഡോക്സ് വിശ്വാസാചാരങ്ങൾ പാലിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. വാസ്തവം ഇങ്ങിനെയിരിക്കെ 'മലങ്കര സഭയുടെ ആകമാനമായ നേതൃത്വവും മേലദ്ധ്യക്ഷ സ്ഥാനവും ഉറപ്പുവരുത്തിക്കൊണ്ട് നവീകരണാശയങ്ങൾ പ്രചരിപ്പിക്കണമെന്നായിരുന്നു മെത്രാപ്പോലീത്താക്കുണ്ടായിരുന്ന ദർശനം' എന്നു ഡോക്ടർ അലക്സാണ്ടർ മെത്രാപ്പോലീത്താ തിരുമേനി 1986 ഫെബ്രുവരി 16-ാലെ മനോരമ ലേഖനത്തിൽ എഴുതിയിരിക്കുന്നത് ഉദ്ദേശശുദ്ധിയില്ലാത്ത പ്രചരണം മാത്രമാണ്. മാർ മാത്യൂസ് അത്തനാസ്യോസ് പ്രൊട്ടസ്ററൻറു സഭയുടെ തലവനായ കാൻറർബറി ആർച്ചുബിഷപ്പിന്റെ സമീപത്തേക്കല്ല മെത്രാൻപട്ടം ഏൽക്കാൻ പോയതെന്നും, യാക്കോബായ സുറിയാനിസഭയുടെ അദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കലേക്കാണ് പോയതെന്നും ഓർക്കണം. പാത്രിയർക്കീസ് അദ്ദേഹത്തെ ആദ്യം ശെമ്മാശനായിട്ടും പിന്നീടു കശീശായായിട്ടും അനന്തരം റമ്പാനായിട്ടും പിന്നീട് മെത്രാപ്പോലീത്തായായിട്ടും പടിപടിയായി ഉയർത്തുകയായിരുന്നുവെന്നുള്ളതു പാത്രിയർക്കീസ് അദ്ദേഹത്തിനു നൽകിയ സ്താത്തിക്കോനിൽനിന്നും കാണാം.

അടുത്ത ലക്കത്തിൽ :

**ചേപ്പാട്ടു മാർ ദീവന്നാസ്യോസും മാവേലിക്കര പടിഓലയും; സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പുവാദം**




കുഞ്ഞനുജൻമാരെ കുഞ്ഞനുജത്തിമാരേ,

ഇതാ ഒരു വൽസരംകൂടി നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്നു. പുതുവർഷപ്പിറവി എത്ര ആഹ്ളാദകരമാണ്.

കുളിർന്നു വിറയ്ക്കുന്ന ഒരു പ്രഭാതത്തിലാണ് കുഞ്ഞിച്ചായൻ ഈ കത്ത് എഴുതുന്നത്. ഇരുണ്ടുമൂടിക്കിടക്കുന്ന ആകാശം. ചന്നംപിന്നം മഴ പെയ്യുന്നു. ഇലകൊഴിഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളിൽ മഴത്തുള്ളികൾ തങ്ങിനിൽക്കുന്നു. വസന്തകാലത്തെ സ്വപ്നം കണ്ടുകൊണ്ട് അവ കണ്ണീർ വാർക്കുകയാവാം.

'പ്രിയപ്പെട്ട വൃക്ഷങ്ങളേ നിങ്ങൾ ദുഃഖിക്കേണ്ട. നിങ്ങളുടെ ദുഃഖം ഒരു ദിനം മാഞ്ഞുപോകും. ആനന്ദത്തിന്റെ ഒരു പ്രഭാതം വന്നെത്തും. സുന്ദരമായ വസന്തകാലം അകലെയല്ല.' ശൈത്യകാലത്തിന്റെ മരവിപ്പിൽ ദുഃഖിതരായി നിൽക്കുന്ന ആ വൃക്ഷങ്ങളോട് മൗനഭാഷയിൽ ഞാൻ സംസാരിച്ചു.

ഒരു കുളിർകാററു കടന്നുപോയി. എന്റെ മൗനഭാഷ മനസിലാക്കിയിട്ടെന്നോണം അവ ചില്ലകളാട്ടി. മൗനഭാഷയിൽ അവർ എന്നോടു സംസാരിച്ചു.

'പ്രിയപ്പെട്ട കൂട്ടുകാരാ നീയും കണ്ണീർ വാർക്കേണ്ട. നിന്റെ ദുഃഖവും ഒരുദിനം മാഞ്ഞുപോകും. ശൈത്യകാലത്തിനു ശേഷം വസന്തകാലം വരുമെന്നു പറഞ്ഞ് നീ ഞങ്ങളെ ആശ്വസിപ്പിച്ചല്ലോ. ശരിയാണ്. ഒരു കാലത്ത് സുഗന്ധം പരത്തുന്ന പുഷ്പങ്ങൾകൊണ്ട് ഞങ്ങൾ അനുഗ്രഹീതരാകും. ഞങ്ങളെവിട്ട് ഉഷ്ണരാജ്യങ്ങളിലേക്ക് പറന്നുപോയ ദേശാടനക്കിളികൾ പറന്നെത്തും. ഞങ്ങളുടെ ചില്ലകളിലിരുന്നുകൊണ്ട് അവർ മധുരഗാനങ്ങൾ ആലപിക്കും. യേശുനാഥനിൽ പ്രത്യാശ വച്ചിരിക്കുന്ന നിന്റെ ഹൃദയത്തിൽനിന്ന് സ്നേഹഗാനങ്ങൾ ഉയരട്ടെ. യേശുനാഥനെപ്പററി കുഞ്ഞുങ്ങളോടു സംസാരിക്കുന്ന കുഞ്ഞിച്ചായാ നിന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ പുതുപുഷ്പങ്ങൾ വിടരട്ടെ.'

ആ വൃക്ഷങ്ങൾ എന്നെ ആശ്വസിപ്പിച്ചു. അവർ പറഞ്ഞതെത്ര വാസ്തവം.

നിരാശയുടെ ഇരുളിലല്ല, പ്രത്യാശയുടെ പ്രഭാതത്തിലാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനി ജീവിക്കേണ്ടത്.

ഈ നവവൽസരത്തിൽ നമുക്ക് നല്ല നല്ല പ്രതിജ്ഞകൾ എടുക്കണം. പണ്ട് എടുത്ത നല്ല പ്രതിജ്ഞകൾ പുതുക്കണം. ഇല കൊഴിഞ്ഞു നിന്നിരുന്ന വൃക്ഷങ്ങൾ പുത്തൻ തളിരുകൾ അണിയുന്നതുപോലെ നന്മയുടെ തളിരുകളും പൂക്കളുംകൊണ്ട് നമ്മുടെ ഹൃദയം സമ്പന്നമാകണം.

യേശുനാഥന്റെ പൂന്തോട്ടത്തിലെ ഓമനസുമം ആയി വളരും എന്ന് നാം ഓരോരുത്തരും പ്രതിജ്ഞ എടുത്തിട്ടുണ്ടല്ലോ. ഈ പുതുവർഷത്തിലും ആ പ്രതിജ്ഞ നമുക്ക് പുതുക്കണം. യേശുനാഥനേക്കാൾ ആഴമായി ആരുംതന്നെ നമ്മെ സ്നേഹിക്കുന്നില്ലെന്ന് കുഞ്ഞിച്ചായൻ പറയാറില്ലേ. യേശുനാഥൻ നല്ല രക്ഷകനാണ്. നല്ല ഗുരുവാണ്. നല്ല സ്നേഹിതനാണ്. യേശുനാഥന്റെ പ്രിയശിഷ്യൻ ആയിത്തീരാൻ കൊതിച്ച ഒരു കുഞ്ഞനുജന്റെ കഥ കുഞ്ഞിച്ചായൻ പറയാം.

സണ്ടേ സ്കൂൾ അദ്ധ്യാപകരുടെ കണ്ണിലുണ്ണിയായിരുന്നു ജോണിക്കുട്ടി. നക്ഷത്രങ്ങൾ പോലെ തിളങ്ങുന്ന കണ്ണുകളും ചുവന്നു തുടുത്ത മുഖവുമുള്ള ജോണിക്കുട്ടിയെ ആരും ഇഷ്ടപ്പെടും.

ബൈബിൾ കഥകൾ കേൾക്കാൻ അവനു വലിയ ഇഷ്ടമാണ്. പഴയനിയമ കഥകളും പുതിയനിയമ കഥകളും എല്ലാം അവൻ ശ്രദ്ധയോടെ കേൾക്കും. യേശുനാഥനെക്കുറിച്ചുള്ള കഥകളാണ് അവനു കൂടുതലിഷ്ടം.

എത്രയെത്ര രാത്രികളിൽ യേശുനാഥനെയും ശിഷ്യൻമാരേയും അവൻ സ്വപ്നം കണ്ടിട്ടുണ്ട്. ചിലപ്പോൾ താനും യേശുനാഥന്റെ ശിഷ്യൻമാരിൽ ഒരുവനാണെന്ന് അവനു തോന്നും.

നിലാവുള്ള രാത്രികളിൽ ഗലീലക്കടൽ ഒരു പാൽക്കടൽ ആയി മാറും. അപ്പോൾ യേശുനാഥനോടും ശിഷ്യൻമാരോടുമൊത്ത് പടകിൽ യാത്ര ചെയ്യാൻ എന്തു രസമായിരിക്കും.

ഒരു ദിവസം അവൻ സുന്ദരമായ ഒരു സ്വപ്നം കണ്ടു:

പാൽക്കടൽത്തിരകളിൽ തുള്ളിക്കളിക്കുന്ന ഒരു പടക്. യേശുനാഥനും യോഹന്നാൻ ശ്ളീഹായും താനും നടുപ്പടിയിൽ ഇരിക്കുകയാണ്. പത്രോസ് ശ്ളീഹാ അമരത്തും തോമ്മാശ്ളീഹാ അണിയത്തും ഇരുന്നു തുഴയുന്നു. ശിഷ്യൻമാരിൽ ചിലർ ഇരുവശത്തും ഇരുന്നു തുഴയുന്നുണ്ട്. യൂദാസ് കറിയോത്താ വെള്ളിനാണയങ്ങൾ എണ്ണുന്നു. ഫീലിപ്പോസ് അപ്പം പങ്കിടുകയാണ്. ബഥാന്യയിലെ മാർത്ത പ്രത്യേകം ചുട്ടുകൊടുത്തയച്ച രുചിയുള്ള അപ്പം. അന്ത്രയോസ് ശ്ളീഹാ വെള്ളത്താടി തടവിക്കൊണ്ട് എന്തോ ചിന്തിക്കുകയാണ്.

'കുന്നിൻചെരിവിൽ തോമസിന്റെ മകനായ ജോണിക്കുട്ടി....' യേശുനാഥൻ സ്നേഹം തുളുമ്പുന്ന സ്വരത്തിൽ അവനെ വിളിച്ചു.

'യോനായുടെ മകനായ ശീമോനേ' എന്നു വിളിക്കുന്നതുപോലെ അവനു തോന്നി.

'നീ എവിടെ പോയാലും പ്രാർത്ഥനയും വേദവായനയും മുടക്കരുത്.' കർത്താവു പറഞ്ഞു.

'ഒരിക്കലും ഇല്ല കർത്താവേ. എവിടെ പോയാലും ഞാൻ വേദവായനയും പ്രാർത്ഥനയും മുടക്കുകയില്ല.' അവൻ മറുപടി നൽകി.

'ഈ കൊച്ചുപയ്യൻ ഏതാണ്' എന്നു പത്രോസ് ശ്ളീഹാ യോഹന്നാനോട് ചോദിക്കുന്നത് അവൻ കേട്ടു.

'കുന്നിൻചെരിവിൽ തോമാച്ചന്റെ മകൻ ജോണിക്കുട്ടിയാണ് ഞാൻ. പതിമൂന്നാമത്തെ ശിഷ്യനായി യേശുനാഥൻ എന്നെ തെരഞ്ഞെടുത്തിരിക്കുകയാണ്' ജോണിക്കുട്ടി വിളിച്ചുപറഞ്ഞു.



ജോണിക്കുട്ടിയുടെ മറുപടികേട്ട് ശിഷ്യൻമാരെല്ലാവരും പൊട്ടിച്ചിരിച്ചു. യേശുനാഥൻ പുഞ്ചിരി തൂകുകമാത്രം ചെയ്തു. പക്ഷെ ശിഷ്യൻമാരുടെ ചിരി വളരെ ഉച്ചത്തിൽ ആയിരുന്നു. ഗൗരവക്കാരനായ പത്രോസ് ശ്ളീഹാ ഇത്രയും ഉച്ചത്തിൽ ചിരിക്കുമെന്ന് അവൻ ഓർത്തില്ല.

പത്രോസ് ശ്ളീഹാ പെട്ടെന്നു ചിരി നിറുത്തി. മുഖം ഗൗരവപൂർണ്ണമായി.

'കൊള്ളാം കൊള്ളാം. നീ യഹൂദനാണോ? യഹൂദൻമാരെ മാത്രമെ യേശുനാഥൻ ശിഷ്യൻമാരായി തെരഞ്ഞെടുക്കുകയുള്ളു. ഇന്ത്യയിൽനിന്നും വന്ന കറുത്തകുട്ടിയായ നിന്നെ ഉടൻതന്നെ പടകിൽനിന്ന് ഇറക്കിവിടും.' പത്രോസ് ശ്ളീഹാ പറഞ്ഞു.

'പത്രോസേ....പത്രോസെ' കടലിരമ്പുന്നതുപോലെയുള്ള ഒരു സ്വരം. യേശുനാഥന്റെ സ്വരം ആയിരുന്നു അത്.

പത്രോസ് ശ്ളീഹാ തുഴച്ചിൽ നിറുത്തി. മററു ശിഷ്യൻമാരും അല്പസമയത്തേക്കു തുഴച്ചിൽ നിറുത്തി. പടക് ഗലീലക്കടലിലെ ചിററോളങ്ങളിൽ തുള്ളിക്കളിച്ചുകൊണ്ടിരുന്നു. തങ്ങളുടെ അരുമനാഥൻ എന്താണു കല്പിക്കുന്നതെന്നു കേൾക്കാൻ ശിഷ്യൻമാർക്കു തിടുക്കമായി.

'പത്രോസെ നീ നിന്റെ നാവടക്കൂ. ലോകം ഇന്നുവരെ കേട്ടിട്ടില്ലാത്ത സ്നേഹത്തിന്റെ സന്ദേശവുമായി ഞാൻ നിങ്ങളുടെ ഇടയിലേക്കുവന്നു. നിങ്ങളോ എന്റെ വാക്കുകൾ മനസിലാക്കുന്നില്ല. കാണാതായ എല്ലാ ആടുകളേയും ആലകളിലാക്കാൻ അലയുന്ന ആട്ടിടയനാണു ഞാൻ. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള ആയിരമായിരങ്ങൾ എന്റെ മേശയിൽനിന്നു ഭക്ഷിക്കും. വിവിധ വർഗങ്ങളിൽപ്പെട്ട വിവിധ ഭാഷക്കാരും വിവിധ വേഷക്കാരും വിവിധ ദേശക്കാരും ഒന്നിച്ചിരുന്ന് ആ സ്നേഹസദ്യ ആസ്വദിക്കും. ശിഷ്യൻമാരായ നിങ്ങൾ എല്ലാവരും സമൻമാരായതുപോലെ ദൈവത്തിന്റെ കണ്ണുകളിൽ സകല മനഷ്യരും തുല്യരാണ്. യഹൂദനും, യവനനും, ബൗദ്ധനും, ജൈനനും എല്ലാം സ്വർഗീയപിതാവിന്റെ മക്കളാണെന്ന സത്യം നിങ്ങൾ മറക്കരുത്.'

യേശുനാഥന്റെ വാക്കുകൾ ഒരു വെള്ളിനീർച്ചാലുപോലെ ഒഴുകിക്കൊണ്ടിരുന്നു. ശിഷ്യൻമാർ നിശബ്ദരായി. പത്രോസ് തലകുനിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. പത്രോസ് ശ്ളീഹാ കരയുന്നതു കണ്ടപ്പോൾ ജോണി

ക്കുട്ടിക്കു സഹിക്കാനായില്ല. താൻ മൂലമാണല്ലോ കർത്താവ് ശുദ്ധഹൃദയനായ പത്രോസ് ശ്ലീഹായെ ശാസിച്ചതെന്നോർത്തപ്പോൾ അവന്റെ ഹൃദയം കഠിനമായി നൊമ്പരപ്പെട്ടു. പത്രോസ് ശ്ലീഹായോടു ചേർന്നുനിന്ന് അവനും കരഞ്ഞു. യേശുനാഥൻ ഇരുവരെയും ആശ്വസിപ്പിച്ചു.

യോഹന്നാൻ ശ്ലീഹാ അവനെ വാൽസല്യപൂർവ്വം തലോടി. തന്റെ പേരുകാരനായതുകൊണ്ടാവാം ജോണിക്കുട്ടിയോട് അദ്ദേഹത്തിനു പ്രത്യേക വാൽസല്യമുണ്ടായത്.

'തോമസേ....തോമസേ' കർത്താവ് തോമ്മാശ്ലീഹയെ വിളിച്ചു. തോമ്മാശ്ലീഹാ ആദരപൂർവ്വം കർത്താവിന്റെ അടുത്തുവന്നു.

'തോമസേ ഇന്ത്യയിൽനിന്നും വന്ന ആ കൊച്ചുകുട്ടി കരയുന്നതു കണ്ടില്ലേ. നിന്റെ ചുടുചോര കൊണ്ടു നനച്ചുവളർത്തിയ സഭയിലെ അംഗമാണ് ജോണിക്കുട്ടി. സഭാസ്നേഹിയായ കുന്നിൻചെരിവിൽ തോമസിന്റെ മകനാണവൻ. തോമസേ നീയാണ് അവന്റെ ആൽമീയ പിതാവ്. നീ അവനെ ആശ്വസിപ്പിക്കുക.' യേശുനാഥൻ തോമ്മാശ്ലീഹായോടു പറഞ്ഞു.

ജോണിക്കുട്ടി തോമ്മാശ്ലീഹായെ സൂക്ഷിച്ചുനോക്കി.

'ഇന്ത്യയുടെ കാവൽപിതാവായ തോമാശ്ലീഹാ. മലങ്കരസഭയുടെ സ്ഥാപകനായ തോമാശ്ലീഹാ തന്റെ കൺമുമ്പിൽ നിൽക്കുന്നു.

മാർത്തോമ്മാശ്ലീഹായുടെ എത്രയോ ചിത്രങ്ങൾ താൻ കണ്ടിട്ടുണ്ട്. ചിത്രകാരൻമാർ അവരുടെ ഭാവനയ്ക്ക് അനുസരിച്ച് വരച്ചിട്ടുള്ളതാണ് അവയെല്ലാം. പക്ഷെ ആ ചിത്രങ്ങൾക്കൊന്നും മാർത്തോമ്മാശ്ലീഹായുടെ മുഖതേജസ്സ് ഒപ്പിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

ഒറ്റനോട്ടത്തിൽത്തന്നെ തോമാശ്ലീഹായുടെ തേജോമയമായ ചിത്രം അവന്റെ ഹൃദയത്തിൽ പതിഞ്ഞു. തന്റെ സഭയുടെ സ്ഥാപകൻ തോമാശ്ലീഹായാണെന്നതിൽ അവൻ അഭിമാനംകൊണ്ടു.

'പിതാവേ എന്റെ പൂർവ്വികരെ അങ്ങാണല്ലോ മാമ്മോദീസാ മുക്കിയത്. അവർ ബ്രാഹ്മണരായിരുന്നുവെന്ന് എന്റെ വല്യപ്പച്ചൻ പറഞ്ഞറിയാം. എപ്പോഴും നമ്പൂതിരിമാരുടെ കാര്യം പറയുന്നതുകാരണംഞങ്ങളുടെ പള്ളിയിലുള്ളവരെല്ലാം വല്യപ്പച്ചനെ കുന്നിൻചെരിവിലുള്ള യോഹന്നാൻ നമ്പൂതിരിപ്പാട് എന്നാണ് കളിയാക്കി വിളിക്കുക. പക്ഷെ വല്യപ്പച്ചന് ആ പേര് വളരെ

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



തമ്പി, ബുധനൂർ.

ഇഷ്ടമാണ്. വല്യപ്പച്ചന്റെ നടപ്പും എടുപ്പും എല്ലാം നമ്പൂതിരിമാരുടെ ഭാവത്തിലാ. എന്തിന് സംസാരംപോലും. 'ക്ഷ'യായി എന്നൊക്കെ വല്യപ്പച്ചൻ പറയുന്നതു കേൾക്കാനെന്തു രസമാണെന്നോ. ഇതുകാരണം ഞാനും ഒരു ഉണ്ണിനമ്പൂതിരി ആയിത്തന്നെയാണ് നടക്കുക. പൂർവ്വികർ നമ്പൂതിരിമാരാണെങ്കിലും ഇല്ലം ഏതെന്ന് വല്യപ്പച്ചനു പോലും അറിഞ്ഞുകൂടാ. കുടുംബചരിത്രം എഴുതുന്നവർ ഇല്ലം കണ്ടുപിടിക്കുവാൻ കുറവിലങ്ങാട്ടു കറങ്ങിനടക്കുകയാണിപ്പോഴും. പിതാവേ അങ്ങേക്കറിയാമല്ലോ ഞങ്ങളുടെ ഇല്ലം ഏതാണെന്ന്.'

'കുഞ്ഞേ നിന്റെ പൂർവ്വികർ ബ്രാഹ്മണരല്ല. അവർ ബുദ്ധമതക്കാർ ആയിരുന്നു. ഞാൻ കേരളത്തിൽ വരുമ്പോൾ ബുദ്ധമതം ഇവിടെ വളരെ ശക്തിപ്പെട്ടിരുന്നു. അന്നു ജാതിവഴക്ക് ഒന്നും ഉണ്ടായിരുന്നില്ല. എല്ലാ ജാതികളോടും ഞാൻ സുവിശേഷം അറിയിച്ചു. ബുദ്ധമതക്കാരും, ജൈനരും, ഹൈന്ദവരും പ്രവാസികളായി ഇവിടെ പാർത്തിരുന്ന യഹൂദൻമാരും എല്ലാം എന്റെ വാക്കുകൾ കേട്ടു. അവർ മാമൂദീസാ ഏററു സഭയോടു ചേർന്നു. സകല ജാതികളോടും സുവിശേഷം അറിയിക്കുവാനാണ് കർത്താവ് എന്നോട് കല്പിച്ചത്. അവർ അതനുസരിച്ചു. അല്പം മുമ്പ് യേശുനാഥൻ പത്രോസിനെ ശാസിക്കുന്നതു നീ കേട്ടതല്ലേ? യഹൂദൻ എന്നതിൽ അദ്ദേഹം അഭിമാനം കൊള്ളുന്നു. മലങ്കര നസ്രാണികളിൽ അധികംപേരും ബ്രാഹ്മണരാണെന്നതിൽ അഭിമാനം കൊള്ളുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാണ്. എന്റെ മക്കളായ മലങ്കര നസ്രാണികൾ നസ്രായനായ യേശുവിൽ അഭിമാനം കൊണ്ടിരുന്നെങ്കിൽ ഞാൻ എത്രമാത്രം സന്തോഷിക്കുമായിരുന്നു. ജോണിക്കുട്ടി നീ യേശുനാഥന്റെ പ്രിയശിഷ്യൻ ആയിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.'

'തീർച്ചയായും ഞാൻ യേശുനാഥന്റെ പ്രിയശിഷ്യൻ ആയിത്തീരും' ജോണിക്കുട്ടി നെഞ്ചത്തു കൈവച്ചുകൊണ്ടു പറഞ്ഞു.

ആരോ തന്നെ തലോടുന്നതായി ജോണിക്കുട്ടിക്കു തോന്നി. അമ്മച്ചി ആയിരുന്നു അത്. അമ്മച്ചിയും അപ്പച്ചനും ബേബിച്ചായനും മോളിക്കുട്ടിയും എല്ലാവരും തന്റെയടുത്തു നിൽക്കുന്നു.

താൻ സ്വപ്നം കാണുകയാണെന്ന് അപ്പോഴാണവനു മനസിലായത്. അവൻ ചാടിയെണീററു.

'യേശുനാഥന്റെ പതിമൂന്നാമത്തെ ശിഷ്യൻ എന്തുപറയുന്നു?'



ഉറക്കത്തിൽ അവൻ വിളിച്ചുപറഞ്ഞതെല്ലാം ബേബിച്ചായൻ കേട്ടിരുന്നു. താൻ കണ്ട സ്വപ്നത്തെപ്പററി ജോണിക്കുട്ടി പറഞ്ഞപ്പോൾ എല്ലാവർക്കും വലിയ സന്തോഷം ആയി.

'ഇന്ന് വലിയ ബാവാ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളാണെന്ന കാര്യം നീ മറന്നുപോയോ? വേഗം ഒരുങ്ങിക്കൊള്ളൂ' ബേബിച്ചായൻ തിരക്കുകൂട്ടി.

ദേവലോകത്ത് കബറടങ്ങിയ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് ഓർമ്മയായ നാൾമുതൽ അവൻ സംബന്ധിക്കാറുണ്ട്. വല്യപ്പച്ചനിൽനിന്നും അപ്പച്ചനിൽനിന്നും എല്ലാം ബാവാതിരുമേനിയുടെ വിശുദ്ധ ജീവിതത്തെപ്പററി അവൻ കേട്ടറിഞ്ഞിരുന്നു. പരുമല തിരുമേനിയുടെ വൽസല ശിഷ്യനാകാൻ ഭാഗ്യം ലഭിച്ച ആളാണ് വലിയ ബാവാ തിരുമേനി. ആ പരിശുദ്ധ പിതാവിന്റെ മനോഹരമായ ചിത്രം അവന്റെ മുറിയിൽ തൂക്കിയിട്ടിട്ടുണ്ട്. ആ വീട്ടിലുള്ളവരെല്ലാം ആ പുണ്യാത്മാവിന്റെ മദ്ധ്യസ്ഥതയിൽ അഭയംതേടുന്നു.

ജോണിക്കുട്ടിക്കു സങ്കടം ഉളവാക്കിയ ഒരു വാർത്ത താമസിയാതെ കേൾക്കേണ്ടിവന്നു. അപ്പച്ചനാണതു പറഞ്ഞത്.

തങ്ങളുടെ നിലംപുരയിടങ്ങളെല്ലാം വിററ് വടക്കെ മലബാറിലേക്കു പോകയാണെന്നുള്ളതായിരുന്നു ആ വാർത്ത. തന്റെ പ്രിയപ്പെട്ട ഗ്രാമത്തെയും കൂട്ടുകാരെയും എല്ലാം വിട്ടുപോകുന്നതിനെക്കുറിച്ചോർത്തപ്പോൾ അവനു കണ്ണീരടക്കാൻ കഴിഞ്ഞില്ല.

'അപ്പച്ചാ നമ്മൾ പോകുന്ന സ്ഥലത്തു പള്ളിയുണ്ടോ?'

'ഇല്ല' എന്നായിരുന്നു അപ്പച്ചന്റെ ഉത്തരം.

'സൺഡേ സ്കൂളുണ്ടോ?' അവൻ വീണ്ടും ചോദിച്ചു.

'ഇല്ല' എന്നായിരുന്നു അതിനും അപ്പച്ചന്റെ മറുപടി.

'പള്ളിയും സൺഡേസ്കൂളും ഇല്ലാത്തിടത്ത് യേശുനാഥൻ വരുമോ'

ഈ ചോദ്യം അപ്പച്ചനെ വേദനിപ്പിച്ചു. അപ്പച്ചൻ മറുപടിയൊന്നും പറഞ്ഞില്ല.

ദിവസങ്ങൾ ഒന്നൊന്നായി പറന്നുപൊയ്ക്കൊണ്ടിരുന്നു. അവർക്കു പോകുന്നതിനുള്ള ദിവസം വന്നെത്തി. വീട്ടുസാമാനങ്ങളെല്ലാം ലോറിയിൽ കയററുകയാണ്.

ജോണിക്കുട്ടിയെ യാത്ര അയക്കുന്നതിന് അവന്റെ കൂട്ടുകാരെല്ലാവരും വന്നിട്ടുണ്ട്. അവരുടെ പള്ളിയിലെ അച്ചനും ഇടവകക്കാരും അവിടവിടെയായി നില്പുണ്ട്.

'യേശുനാഥാ പള്ളിയും സൺഡേസ്കൂളും ഇല്ലാത്ത സ്ഥലത്തേക്കു ഞാൻ പോകുകയാണ്. കർത്താവേ നീ ഞങ്ങളോടൊത്തു വരണമേ.'

തന്റെ ഓമനമകന്റെ പ്രാർത്ഥന കേട്ടപ്പോൾ തോമാച്ചന്റെ കണ്ണുകൾ നിറഞ്ഞു. പ്രാർത്ഥന കഴിഞ്ഞെണീറ്റ ജോണിക്കുട്ടിയുടെ കണ്ണുകളിൽ ഒരു ദിവ്യപ്രകാശം കാണുവാൻ തോമാച്ചനു കഴിഞ്ഞു.

അവർ യാത്ര തിരിച്ചു. ജോണിക്കുട്ടിയുടെ ദുഃഖമെല്ലാം മാഞ്ഞുപോയി. ആദ്യകാലത്ത് കുറെയെല്ലാം കഷ്ടപ്പാടുകൾ ഉണ്ടായിരുന്നെങ്കിലും ക്രമേണ മലബാറിലെ ജീവിതം അവർക്കു സന്തോഷകരം ആയിത്തീർന്നു.

നാട്ടിൽനിന്നും ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പല കുടുംബങ്ങളും അവിടേയ്ക്കു കുടിയേറി പാർത്തുതുടങ്ങി. അവരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ചെറുതെങ്കിലും ഭംഗിയുള്ള ഒരു പള്ളിയും സണ്ടേസ്കൂളും ഉയർന്നുവന്നു.

ജോണിക്കുട്ടിയുടെ സന്തോഷം പറഞ്ഞറിയിക്കാനാവുകയില്ല. യേശുനാഥൻ തന്നോടൊപ്പമുണ്ടെന്നും തന്റെ കളങ്കമില്ലാത്ത പ്രാർത്ഥന യേശുനാഥൻ കേൾക്കുന്നുണ്ടെന്നും ജോണിക്കുട്ടിക്കു വിശ്വാസമായി.

എന്നുമെന്നും അവൻ യേശുനാഥനെ സ്വപ്നം കാണും. മധുരസ്വപ്നങ്ങളുടെ ചിറകുകളിൽ അവൻ സ്വർഗ്ഗത്തേക്കുയരും.

യോർദാൻ നദിയുടെ തീരത്തും ഒലിവു മലയുടെ ചെരിവിലും എല്ലാം യേശുനാഥനോടൊത്ത് സ്വപ്നങ്ങളിലൂടെ സഞ്ചരിക്കുവാൻ കൊച്ചു ജോണിക്കുട്ടിക്ക് ഭാഗ്യം ലഭിച്ചു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



George and Aleyamma, New York



ലിസ് ഈപ്പൻ, കാലിക്കറ്റ്.

പൊന്നമ്മ ചെറിയാൻ, മദ്രാസ്.

ഏ. എം. സാമുവേൽ.



# അല്പത്തിന്റെ പ്രാധാന്യം

"ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു.
അല്പ ഭോഷത്വം ജ്ഞാനമാനാദികളെക്കാൾ ഘനമേറുന്നു"
(സഭാപ്രസംഗി. 10: 1)

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ചെറിയ കാര്യങ്ങളുടെ പ്രാധാന്യമാണ് ഇവിടെ ഊന്നിപറഞ്ഞിരിക്കുന്നത്. ചെറിയ കാര്യങ്ങളിലുള്ള അവഗണന, പലപ്പോഴും വളരെ ഗൗരവതരമായ ദോഷങ്ങൾക്ക് വഴി തെളിക്കുന്നു. അതേ സമയത്ത് ചെറിയ കാര്യങ്ങളിലുള്ള സൂക്ഷ്മത വളരെയേറെ നന്മകൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നുണ്ട്. അതിനാൽ അല്പത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ചിന്തിക്കാം.

### 1) അല്പം തിന്മകൊണ്ട് ഉണ്ടാകുന്ന നാശം

പ്രസ്തുത വേദഭാഗത്തിൽ അല്പം തിന്മ വളരെ ദോഷം വരുത്തുന്നതായി വിവരിച്ചിരിക്കുന്നു. ഒരു ചത്ത ഈച്ച മതിയാകും തൈലത്തെ മുഴുവൻ ചീത്തയാക്കാൻ. അല്പം ദോഷം മതിയാകും ജ്ഞാനത്തോടെ നേടിയ പലതും നശിപ്പിക്കുവാൻ. വളരെ പണിപ്പെട്ട് ഉണ്ടാക്കിയ പാത്രത്തേൽ ഒരു കല്ലെറിഞ്ഞാൽ മതിയാകും അതു പൊട്ടിത്തകരാൻ. അതിസൂക്ഷ്മമായ രോഗാണു മതി ഒരു മനുഷ്യനെ കൊല്ലാൻ. അതിന് പൊട്ടാസിയം സൈനഡ് പോലുള്ള വിഷത്തിന്റെ ചെറിയൊരംശം മതിയാകും. കാൻസർ പോലുള്ള രോഗങ്ങൾ ആരംഭത്തിലേ ചികിൽസിച്ചില്ലെങ്കിൽ പരിഹരിക്കാൻ അസാദ്ധ്യമാകും.

ഒരു സംഭവകഥ കേട്ടിട്ടുണ്ട്. ഒരാൾക്ക് ഒരു പട്ടികുഞ്ഞ് ഉണ്ടായിരുന്നു. അത് രോഗം വന്നു ചത്തു. എന്തു രോഗമായിരുന്നെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഒരു പേപ്പട്ടി ആ നാട്ടിൽ വന്ന് പല മൃഗങ്ങളെയും മനുഷ്യരെയും കടിച്ചതിനാൽ, പേപ്പട്ടി ഈ പട്ടിക്കുഞ്ഞിനെയും കടിച്ചിരിക്കാമെന്നും അതിനാൽ പേപ്പട്ടിവിഷത്തിനുള്ള കുത്തിവയ്പ് എടുക്കണമെന്നും നാട്ടുകാർ പട്ടിയുടെ ഉടമസ്ഥനെ ഉപദേശിച്ചു. പട്ടിക്കുഞ്ഞിന് പേയ് ഇളകിയതായിരുന്നെങ്കിൽ അതിന്റെ വായിലെ ഉമിനീര് ഉടമസ്ഥന്റെ കാലിൽ വീണ് കാലിൽ ഉള്ള ചെറുമുറിവിൽ കൂടി രക്തത്തിൽ പ്രവേശിക്കാം. എന്നാൽ ഉടമസ്ഥൻ ആ ഉപദേശം നിസ്സാരമായി തള്ളി. ഫലമോ കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അയാൾ പേയ് ഇളകി മരിച്ചു.

ചാണകം വാരിയപ്പോൾ ഈർക്കിലി കൈയിൽ കൊണ്ട് മാരകമായ ടെററനസ് രോഗം വന്നിട്ടുള്ളവരും തുരുമ്പുപിടിച്ച സൂചി കൈയിലോ കാലിലോ കൊണ്ട് അതേ രോഗം വന്നിട്ടുള്ളവരുമുണ്ട്. ഉടനെ കുത്തിവയ്പ് എടുത്താൽ രോഗത്തെ തടയാവുന്നതാണെന്ന സത്യം പലർക്കും അറിഞ്ഞുകൂടാ. അറിഞ്ഞിട്ടും അത് നിസ്സാരമാക്കി അവഗണിച്ച് അപകടം ക്ഷണിച്ചുവരുത്തുന്നവരുമുണ്ട്. മസൂരി, പിള്ളവാതം, വില്ലൻചുമ എന്നിവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ് സൗജന്യമായി കൊടുത്താലും വേണ്ടെന്നു പറഞ്ഞ് മാറുന്ന ഭോഷന്മാരും ഉണ്ട്.

ചിറ എത്ര വലുതായാലും പൊട്ടലോ വിള്ളലോ ഉണ്ടായി വെള്ളം അതിൽകൂടി ഒഴുകുവാൻ തുടങ്ങിയാൽ ഉടനെ അടച്ച് ശരിപ്പെടുത്തിയില്ലെങ്കിൽ ചിറ മുഴുവനും പൊട്ടി ഒഴുകുന്നതാണ്. യന്ത്രങ്ങളിലുള്ള ചില്ലറ തകരാറുകൾ ആരംഭത്തിൽ തന്നെ മാററിയില്ലെങ്കിൽ അപരിഹാര്യമായ അവസ്ഥയിൽ ആയെന്നുവരാം. പരിഹരിക്കാൻ സാധിച്ചാൽതന്നെ വളരെ ക്ലേശം വേണ്ടിവന്നെന്നും വരാം. ഒരു സേനാനായകന്റെ കുതിരയുടെ ഒരു ലാടത്തിന്റെ ഒരു ആണി ഇളകിപ്പോയത് തക്കസമയത്ത്

---

ജോണിക്കുട്ടിയെപ്പോലെ നമുക്കും യേശുനാഥനോടൊത്തു സഞ്ചരിക്കാം. ആ മധുരമൊഴികൾ കേൾക്കാം.

ആനന്ദവും ഐശ്വര്യവും നിറഞ്ഞ പുതുവൽസരാശംസകൾ.

എല്ലാ നന്മകളും പ്രാർത്ഥിച്ചുകൊണ്ട്,

കുഞ്ഞിച്ചായൻ.

ശരിപ്പെടാഞ്ഞതിനാൽ സേനാനായകൻ വീഴുകയും സൈന്യം ചിതറുകയും ശത്രുക്കൾ രാജ്യം പിടിച്ചെടുക്കുകയും ചെയ്തതായൊരു കഥയുണ്ട്.

ധാർമ്മികജീവിതത്തിലും അല്പം തിന്മ വളരെ ദോഷം ചെയ്യുന്നു. അല്പം അസൂയ, അല്പം സ്വാർത്ഥത, അല്പം നിഗളം, അല്പം അശുദ്ധി ഇവ മനുഷ്യനെ നശിപ്പിക്കുന്നു. ഇതിന് വളരെ ഉദാഹരണങ്ങൾ പറയാവുന്നതാണ്.

അസൂയ അനേക ഉപകാരങ്ങളെ വിസ്മരിക്കുന്നതിനും പല നല്ല സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകാതിരിക്കുന്നതിനും പല നല്ലവരേയും തേജോവധം ചെയ്യുന്നതിനും നിരപരാധികളെ കൊല്ലുന്നതിനുപോലും പ്രേരണ നൽകുന്നു. ശൗൽ രാജാവ് ദാവീദിനെ കൊല്ലാൻ ശ്രമിച്ചത് അവനോട് അസൂയ ഉണ്ടായതുകൊണ്ടായിരുന്നല്ലൊ. ''ശൗൽ ആയിരത്തെ കൊന്നു. ദാവീദോ പതിനായിരത്തെ'' എന്നു സ്ത്രീകൾ പാടിയപ്പോൾ തുടങ്ങിയ അസൂയ, ശൗലിനെ എത്രമാത്രം അധഃപതിപ്പിച്ചെന്ന് കാണുക. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ കർത്താവിനെ യഹൂദന്മാർ കുരിശിച്ചതും അസൂയകൊണ്ടായിരുന്നല്ലൊ. (വി മത്താ. 27:18)

എന്തെല്ലാം നന്മകളും കഴിവുകളുമുണ്ടെങ്കിലും അല്പം നിഗളമുണ്ടെങ്കിൽ, അല്പം മുൻകോപമുണ്ടെങ്കിൽ, വിമർശനബുദ്ധിയാണെങ്കിൽ അയാളെ മനുഷ്യർ വെറുക്കും. കാരണം, അഭിനന്ദനവും ബഹുമാനവും എല്ലാവരും ആഗ്രഹിക്കുന്നു. നിഗളിക്കുന്നവൻ ആരെയും അഭിനന്ദിക്കുകയൊ ബഹുമാനിക്കുകയൊ ചെയ്യുന്നില്ല. നിഗളിക്കുന്നവൻ ദൈവത്തോടും മനുഷ്യരോടും മത്സരിക്കുകയും ചെയ്യുന്നു.

മറ്റെന്തെല്ലാം ഗുണഗണങ്ങൾ ഉണ്ടായാലും അശുദ്ധിയും ആത്മനിയന്ത്രണമില്ലായ്മയും മനുഷ്യനെ നശിപ്പിക്കും. അതുകൊണ്ടാണ് മോഹത്തോടെ നോക്കുന്നതിനെയും കർത്താവ് നിരോധിച്ചിരിക്കുന്നത് (വി. മത്താ. 5:28–30). നോട്ടത്തിൽ വരുന്ന പരീക്ഷയെ ജയിക്കാൻ അപ്പോൾ തന്നെ ശ്രദ്ധ അതിൽനിന്ന് മാററണം. അപ്പോൾ കണ്ണ് ചൂഴ്ന്നെടുക്കുകയാണ്. പ്രവർത്തിക്കാനുള്ള പരീക്ഷ വരുമ്പോഴും അതിൽനിന്ന് പിന്മാറണം. അതാണ് കൈ വെട്ടിക്കളയുന്നത്. ചെറിയ ത്യാഗങ്ങൾ സഹിച്ച് വലിയ നാശത്തിൽനിന്ന് രക്ഷപെടണമെന്നാണ് കർത്താവു പറയുന്നത്.

പ്രതികാര ബുദ്ധിയോടും വെറുപ്പോടുംകൂടെ


**CENTURY AGENCY**

**AMBASSADOR CORPORATION**

**753 FRANKLIN AVENUE,**
**FRANKLIN SQUIRE, NEW YORK-11010.**
Phone: 516–872–2100

We are original builders of Parish Real Estate

Contact us for fast and profitable

Real Estate Transaction in the U·S·A·

Mortgage Money Available in any amount to all qualified buyers·

**E. I. Abraham Omallur**, M·B·A; G·R·I·




പറയുന്നവ പലപ്പോഴും വലിയ വേദനയ്ക്കും തീരാത്ത കലഹത്തിനും ഇടയാക്കുന്നുണ്ട്. ശ്രദ്ധയില്ലാത്ത വാക്കുകളും വളരെ വേദനയുളവാക്കിയെന്നുവരാം. ''വാളുകൊണ്ട് കുത്തുന്നതുപോലെ മൂർച്ചയായി സംസാരിക്കുന്നവരുണ്ട്. ജ്ഞാനിയുടെ വാക്കോ സുഖപ്രദം'' (സദൃ. 12:18) ''നാം എല്ലാവരും പലതിലും തെററിപ്പോകുന്നു. ഒരുത്തൻ വാക്കിൽ തെററാതിരുന്നാൽ അവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലൊ. കപ്പൽ എത്ര വലിയത് ആയാലും കൊടുങ്കാററ് അടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏററവും ചെറിയ ചുക്കാൻകൊണ്ട് തനിക്ക് ബോധിച്ച ദിക്കിലേക്ക് അതിനെ തിരിക്കുന്നു. അങ്ങനെതന്നെ നാവും ചെറിയ അവയവമെങ്കിലുംവളരെ വമ്പുപറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു. നാവും ഒരു തീതന്നെ. അത് അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കുകയും ചെയ്യുന്നു (വി. യാക്കോ. 3:2–6).

നിരാശകൊണ്ടും സങ്കടംകൊണ്ടും വിങ്ങിപൊട്ടാറായിരിക്കുന്നവരോട് പറയുന്ന ചെറിയ കടുത്ത വാക്ക് മതിയായിരിക്കും അവരെ തകർത്തുകളയുവാൻ. അതിനാൽ നാം എത്രമാത്രം കരുതലോടെ സംസാരിക്കേണ്ടതാണെന്ന് ചിന്തിക്കുക.

എത്ര നല്ലവരെയും മോശക്കാരാക്കി അവരുടെ നല്ല പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുവാൻ ചെറിയ ദോഷാരോപണങ്ങൾക്ക് സാധിച്ചെന്നുവരും. അതിനാൽ കർത്താവ് പറയുന്നു ''എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു'' (വി. മത്താ. 12:36). ''കൊലചെയ്യരുതെന്നും ആരെങ്കിലും കൊലചെയ്താൽ ന്യായവിധിക്ക് യോഗ്യനാകുമെന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. ഞാനോ നിങ്ങളോടു പറയുന്നത്: സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും. മൂഢ എന്ന് പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും. ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതുമുണ്ടെന്ന് അവിടെവച്ച് ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച് ഒന്നാമത് ചെന്നു സഹോദരനോട് നിരന്നുകൊൾക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക'' (വി. മത്താ. 5:21–24.) സംസാരങ്ങളിൽ ഉണ്ടാകുന്ന ചെറിയ തെററുകൾക്കും ഉടനടി പരിഹാരമുണ്ടാകേണ്ടതാണ്. അല്ലെങ്കിൽ ഭാവിയിൽ അത് വളരെ ദോഷം ചെയ്യും.

പാപികളുമായുള്ള സഹവാസവും നിസ്സാരമായി കരുതരുത്. അവനെ നല്ലവനാക്കത്തക്ക തൻേറടം കരസ്ഥമാക്കിയിട്ട് അവനെ സമീപിക്കേണ്ടതാവശ്യം തന്നെ. എന്നാൽ തെററു ചെയ്യാതിരുന്നാൽ പോരെ എന്നു പറഞ്ഞ് അവന്റെ കൂട്ടു കൂടുന്നത് ഭോഷത്വമായിരിക്കും. ചീഞ്ഞഴുകുന്ന ഒരു മാങ്ങാ കുട്ടയിലുള്ള മററു മാങ്ങാകളെയെല്ലാം ചീയിച്ചുകളയും. നല്ല മാങ്ങാകൾ ചീഞ്ഞ മാങ്ങായുടെ ചീയൽ മാററുകയില്ല. അതിനാൽ ചീത്ത കൂട്ടുകെട്ട് ഉപേക്ഷിക്കണം. ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും, പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരി


മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



Sebastian & Family, Benarus.

# മലങ്കരസഭാ മാസികയുടെ ആഭിമുഖ്യത്തിൽ

# 'കാർട്ടൂൺ മത്സരം'

ഒന്നാം സമ്മാനം:

'ജയൻ' എവർ റോളിങ്ങ് ട്രോഫിയും
150 രൂപാ കാഷ് അവാർഡും.

[ ഈ അവാർഡ് കാർട്ടൂണിസ്റ്റും സാഹിത്യകാരനുമായ ജയൻ ഏർപ്പെടുത്തിയതാണ് ]

വിഷയം;

**1986–ൽ നിങ്ങളെ ഏററവും കൂടുതൽ ചിരിപ്പിച്ച സംഭവം.**

നിബന്ധനകൾ

* മതപരമായ യാതൊരു കാർട്ടൂണുകളും മത്സരത്തിന് സ്വീകരിക്കുന്നതല്ല.
* രാഷ്ട്രീയ കാർട്ടൂണുകൾ ഒഴിവാക്കുക.
  മലങ്കര ഓർത്തഡോക്സ് സഭയിലെ 30 വയസിൽ താഴെയുള്ള ആർക്കും (പുരുഷനും / സ്ത്രീക്കും) മത്സരത്തിൽ പങ്കെടുക്കാം.
* ഒരാൾക്ക് എത്ര കാർട്ടൂണുകൾ വേണമെങ്കിലും അയയ്ക്കാം. പക്ഷെ വരച്ച കടലാസിന്റെ പുറകിൽ സ്വന്തം ഇടവകയുടെ പേരും, വിലാസവും വ്യക്തമായി എഴുതിയിരിക്കണം. കൂടാതെ ഇടവക വികാരിയുടെ ഒപ്പും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം. ഇവ ഇല്ലാത്തവ സ്വീകരിക്കുന്നതല്ല.
* സ്വന്തം പേരും, മേൽവിലാസവും, വയസും മററാരു കടലാസിൽ എഴുതി കാർട്ടൂണിനോടൊപ്പം പിൻചെയ്യുക.
* കാർട്ടൂൺ കട്ടിയുള്ള വെള്ളക്കടലാസിൽ 18 × 15 സെ. മീററർ സൈസിൽ കറുത്ത മഷികൊണ്ട് വരച്ച് അയയ്ക്കുക.
* ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും.
* ഇതു സംബന്ധിച്ച് കത്തിടപാടുകൾ നടത്തുന്നതല്ല.
* 'കാർട്ടൂൺ മത്സരം' എന്ന് കവറിന്റെ മുകളിൽ എഴുതിയിരിക്കണം.

അയയ്ക്കേണ്ട വിലാസം:

മാനേജർ, മലങ്കരസഭാ മാസിക, കോട്ടയം–38. കേരള.

കാർട്ടൂൺ ലഭിക്കേണ്ട അവസാന തീയതി 1987 ജനുവരി 30.

കാർട്ടൂൺ മത്സരത്തിന്റെ ഫലം മാർച്ച് ലക്കം 'മലങ്കരസഭ'യിൽ പ്രസിദ്ധപ്പെടുത്തും. ഏപ്രിൽ മാസത്തിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന ചടങ്ങിൽവച്ച് സമ്മാനം വിതരണം ചെയ്യുന്നതാണ്.

**മാനേജർ, മലങ്കരസഭ**



## ? സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

1. ഒരു ഞായറാഴ്ച ഏക പരിശുദ്ധന്റെ ഓർമ്മദിവസം വന്നാൽ അന്നത്തെ ഏവൻഗേലിയോൻ വായന ഏതായിരിക്കണം?

എ. ഒ. ഐസക്ക്, റെണ്ണുമക്കോട്

ഞായറാഴ്ചയുടേതായിരിക്കണം. കർത്താവിന്റെ ഉയിർപ്പിനാണ് കൂടുതൽ പ്രാധാന്യം. ഞായറാഴ്ചത്തെ വായന കഴിഞ്ഞു പരിശുദ്ധന്റെ ഓർമ്മയുടെ വായനകൂടെ വായിക്കാവുന്നതാണ്.

2. കൊരിന്തു പട്ടണവും കൊറിയായുമായി ബന്ധമുണ്ടോ?

ഉമ്മൻ മാത്യു, സൗദി അറേബ്യ.

ഒരു ബന്ധവുമില്ല. കൊരിന്തുപട്ടണം യൂറോപ്പിലെ ഗ്രീസിലും കൊറിയാ ഏഷ്യയുടെ വടക്കുകിഴക്കുമാണ്.

3. അന്ത്യോഖ്യൻ പാത്രിയർക്കീസ് അരമന നില്ക്കുന്ന ദമസ്ക്കോസിൽ മുസ്ലീമുകളല്ലേ? ക്രിസ്തീയസഭകൾ ഉണ്ടോ? (Do)

പേരിന് ക്രിസ്ത്യാനികളും പള്ളികളും ഉണ്ട്. എന്നാൽ മുസ്ലീം ഭൂരിപക്ഷം കൂടിക്കൊണ്ടിരിക്കുന്നു. ക്രിസ്തീയ പെൺകുട്ടികൾ മുസ്ലീം മതത്തിൽ ചേർന്നു വിവാഹം നടത്തുന്ന രീതിയും അവിടെയെല്ലാമുണ്ട്. ഒരുകാലത്തു ക്രിസ്തീയസഭ അവിടെ ഭൂരിപക്ഷമുണ്ടായിരുന്നു.

4. പലസ്തീനും യോർദ്ദാനും മററും മുസ്ലീം ഭൂരിപക്ഷമായതെങ്ങനെ? (Do)

എ. ഡി. ആറാം നൂററാണ്ടുമുതൽ ഇസ്ലാം മതം തുടങ്ങി ശക്തി പ്രാപിക്കയും മെഡിറററേനിയന്റെ കിഴക്കെല്ലാം ആക്രമണം നടത്തുകയും ചെയ്തു. പത്തും പതിനൊന്നും നൂററാണ്ടുകളിൽ കുരിശുയുദ്ധം കൊണ്ട് പലസ്തീൻ തിരിച്ചെടുക്കാൻ റോമ്മാ പാപ്പാമാരുടെ അനുഗ്രഹത്തോടെ നടന്ന കുരിശുയുദ്ധങ്ങൾ വിജയിച്ചില്ല. ഈജിപ്റ്റിൽ കോപ്റ്റിക്ക് സഭയ്ക്കും ക്രിസ്ത്യാനികൾക്കും ഏതാണ്ട് മുസ്ലീമുകളെപ്പോലെ അംഗസംഖ്യ ഉണ്ട്. ആതൻസ് ഗ്രീസിലാകയാൽ ഗ്രീക്ക് ഓർത്തഡോക്സ് സഭയാണ് ഭൂരിപക്ഷം.

5. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആസ്ഥാന അരമന എവിടെയാണ്? (Do)

ബഥേൽ അരമന, ചെങ്ങന്നൂർ.

6. നമുക്ക് മൊത്തത്തിൽ എത്ര ഭദ്രാസനങ്ങൾ ഉണ്ട്? തിരുമേനിമാർ എത്ര? (Do)

പത്തൊൻപതു ഭദ്രാസനങ്ങളുണ്ട്. പരിശുദ്ധ കാതോലിക്കാബാവായും പത്തൊൻപതു മെത്രാപ്പോലീത്തന്മാരുമുണ്ട്.

7. ഓർത്തഡോക്സ് സഭയുടെ അംഗസംഖ്യ എത്രയാണ്?

എ. എം. ഔസേഫ്, പോർട്ട്ബ്ളയർ.

പ്രതിവർഷം അംഗസംഖ്യ എടുക്കുന്നില്ല. ഉദ്ദേശം പതിനാറു ലക്ഷം എന്നാണ് കണക്ക്.

3. റോയൽകോർട്ടു വിധിയുടെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ ഒന്നാം വകുപ്പ് തിരുത്താത്തതെന്ത്? (Do)

ഭരണഘടന തിരുത്തുന്നതിന് ചില നിയമങ്ങളുണ്ട്. അവയനുസരിച്ച് അപ്രകാരം തിരുത്തുമെന്നാശിക്കാം.

9. O. I. C. എന്താണ്? (Do)

Order of the Imitation of Christ.

10. ഒരു ദിവസം ഒരു പട്ടക്കാരൻ രണ്ടു കുർബാന ചൊല്ലാൻ സഭയിൽ അനുവദിക്കുമോ? (Do)

ഇല്ല. ഞായറാഴ്ച രാവിലെ വി. കുർബാന അർപ്പിച്ച പട്ടക്കാരൻ അന്നു സന്ധ്യയ്ക്ക് 6 മണി വരെ വീണ്ടും ചൊല്ലരുത്. 6 മണിക്ക് തിങ്കളാഴ്ച ആരംഭിക്കുന്നതിനാൽ 6 മണിക്കുശേഷം ചൊല്ലാം. എന്നാൽ ആ പട്ടക്കാരൻ പിന്നെ തിങ്കളാഴ്ച രാവിലെ വി. കുർബാന ചൊല്ലാൻ പാടില്ല. 24 മണിക്കൂർ കൂട്ടുന്നത് സന്ധ്യ മുതൽ സന്ധ്യ വരെയാണ്.

---

പ്പിടത്തിൽ ഇരിക്കാതെയും യഹോവായുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആററരികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷം പോലെയിരിക്കും. അവൻ ചെയ്യുന്നതൊക്കെയും സാധിക്കും'' (സങ്കീ. 1:1–3).

–o–

# വി. കുർബാനയിലെ അപ്പവീഞ്ഞുകൾ കർത്താവിന്റെ തിരുശരീര രക്തങ്ങളോ?

ഫാ. കെ. ഗീവർഗീസ്, അഞ്ചൽ

വിശുദ്ധ സഭയുടെ വിശ്വാസോപദേശങ്ങൾ, ആരാധനാരീതികൾ, ആചാരാനുഷ്ഠാനങ്ങൾ മുതലായവ സംബന്ധിച്ച് പതിനാറാം നൂറ്റാണ്ടിലെ നവീകരണാവിർഭാവം മുതൽ വ്യക്തമായ രണ്ട് ചേരികൾ ദൃശ്യമാണ്.

1. ക്രിസ്തുവിന്റെ ശിഷ്യന്മാരായ ശ്ലീഹന്മാർ പഠിപ്പിച്ചിട്ടുള്ളതും അവരിൽനിന്ന് കണ്ടും കേട്ടും ഗ്രഹിച്ചും പഠിച്ചിട്ടുള്ളവയെ അനുവർത്തിക്കണമെന്നും (ഫിലി. 4: 9) 'അവർ കാണിച്ചുതന്ന മാതൃകപ്രകാരം നടക്കുന്നവരെ കുറിക്കൊള്ളേണ'മെന്നും (ഫിലി. 3: 17) വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ച പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊള്ളണമെന്നും (2 തെസസ. 2: 15) ഉള്ള വേദവാക്യങ്ങളനുസരിച്ച് എഴുതപ്പെട്ട വേദപുസ്തകത്തേയും എഴുതപ്പെടാത്ത ശ്ലൈഹിക പാരമ്പര്യ വിശ്വാസാചാരങ്ങളെയും ഒന്നുപോലെ അംഗീകരിച്ചാദരിക്കുന്ന പൂർവ്വിക അപ്പസ്തോലിക സഭകൾ.

2. എഴുതപ്പെട്ടിട്ടുള്ള വേദപുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടില്ലാത്ത യാതൊന്നും—വിശ്വാസപരമോ, ആരാധനാപരമോ, ആചാരപരമോ, വേദശാസ്ത്രപരമോ ആയ യാതൊന്നും — സ്വീകാര്യമല്ലെന്നും സഭാരംഭം മുതലുള്ള അപ്പോസ്തോലിക പാരമ്പര്യാനുഷ്ഠാനങ്ങൾ അനാവശ്യവും അർത്ഥരഹിതവും ആണെന്നും വേദപുസ്തകം മാത്രമാണ് വിശ്വാസത്തിന്റെയും സഭയുടെയും അടിസ്ഥാനമെന്നും വാദിക്കുന്ന നവീകരണ സഭകൾ.

ഈ രണ്ട് ചേരികളുടെയും വാദമുഖങ്ങളുടെ ന്യായാന്യായങ്ങളെപ്പറ്റി വിശദമായി വ്യവഹരിക്കാനല്ല ഇവിടെ ഉദ്ദേശിക്കുന്നത്. വി. കുർബാനയിൽ വാഴ്ത്തപ്പെട്ട അപ്പവീഞ്ഞുകൾ കർത്താവിന്റെ തിരുശരീര രക്തങ്ങളായി തീരുന്നുവെന്നും കുർബാന അനുഭവിക്കുന്നത് ക്രിസ്തുവിനെ അനുഭവിക്കയാണെന്നും തന്മൂലം ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും വസിക്കുന്നുവെന്നും ക്രൈസ്തവസഭയിലെ വൻപിച്ച ഭൂരിപക്ഷമായ അപ്പോസ്തോലിക സഭകൾ വിശ്വസിക്കുമ്പോൾ കുർബാന വെറും ഓർമ്മ മാത്രമാണെന്നും ശരീര രക്തങ്ങളുടെ സാദൃശ്യമാണെന്നും അപ്പവീഞ്ഞുകൾ മാത്രമാണെന്നും കർത്താവിനെ ഓർക്കാനുള്ള ഒരു ചടങ്ങാണെന്നും മററും നവീകരണസഭകൾ വാദിക്കുന്നു.

---

11. ദുഷ്ടൻ പനപോലെ തഴയ്ക്കുമെന്നെവിടെ കാണാം. (Do)

സങ്കീ. 92:7 നോക്കുക. നീതിമാൻ പനപോലെ തഴയ്ക്കുമെന്ന ഭാഗവും വായിക്ക. (സങ്കീ. 92:12)

12. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസമെങ്കിൽ അബ്രഹാം എങ്ങനെ കടന്നു? (Do)

ദ്രവ്യാഗ്രഹിയായ ദരിദ്രൻ ധനവാനും, സഹോദരനു പങ്കിടുന്ന ധനവാൻ ദരിദ്രനുമാണ്. അബ്രഹാം ധനവാനെങ്കിലും ദരിദ്രനായി നല്ല സ്വത്ത് ലോത്തിനു പങ്കിട്ടു (ഉല്പ. 13). സോദോം രാജാവിന്റെ കൊള്ള ഉപേക്ഷിച്ചു (ഉല്പ. 14). ജന്മിത്വകാലത്തുപോലും അതിഥികളെ സൽക്കരിച്ചു (ഉല്പ. 18).

13. മർത്ത്യനും മനുഷ്യനും ഒന്നോ? (Do)

അല്ല. രണ്ട് അർത്ഥം കാണിക്കുവാൻ മരിക്കുന്നവൻ എന്നർത്ഥത്തിൽ മർത്ത്യൻ, മനനം ചെയ്യുന്നവൻ എന്നർത്ഥത്തിൽ മനുഷ്യൻ.

14. ബദ്ധപ്പെട്ടിറങ്ങി സന്തോഷത്തോടെ കൈക്കൊണ്ടു. അർത്ഥം എന്താണ്? (Do)

സഖായിയുടെ സംഭവം ലൂ. 19-ൽ വായിക്ക. സമൂഹം വർജ്ജിച്ചവനെ യേശു വിളിച്ചതിനാലാണ് ബദ്ധപ്പെട്ടിറങ്ങിയത്. യേശുവിനെ സന്തോഷത്തോടെ കൈക്കൊള്ളുന്നവരുടെ വീട്ടിലെ അവൻ വരൂ. വന്നാൽ വീട് ദ്രവ്യാഗ്രഹമില്ലാത്ത സ്നേഹഭവനമാകും.

---



അപ്പോസ്തോലിക സഭകളുടെ പൂർവ്വികവും ശ്ലൈഹികവും വേദാനുസരണവുമായ വാദമുഖങ്ങളെ സ്പർശിക്കാതെ വി. വേദപുസ്തകത്തിൽ തിരുശരീര രക്തങ്ങളെപ്പററി സ്പഷ്ടമായും അസന്നിഗ്ദ്ധമായും പറയുന്ന യാഥാർത്ഥ്യങ്ങളെ ക്രമീകരിച്ച് വ്യക്തമാക്കുകയാണ് ഈ ലേഖനോദ്ദേശം. അതിലേക്ക് ക്രിസ്തു തന്നെപ്പററിയും താൻ വാഗ്ദത്തം ചെയ്ത നിത്യാഹാരത്തെപ്പററിയും അപ്പവീഞ്ഞുകളെപ്പററിയും ശരീര രക്തങ്ങളെപ്പററിയും പുതിയ പെസഹയാകുന്ന വി. കുർബാനസ്ഥാപനത്തിന് മുമ്പും പിമ്പും സ്ഥിരപ്പെടുത്തി കല്പിച്ചിട്ടുള്ള വചനങ്ങൾ പരിശോധിക്കേണ്ടതാവശ്യമാണല്ലൊ.

നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം മനുഷ്യപുത്രൻ നൽകുമെന്ന് (യോഹ. 6: 27) താൻ മുമ്പുകൂട്ടി വാഗ്ദത്തം ചെയ്യുന്നു. അങ്ങനെ വാഗ്ദത്തം ചെയ്ത ആഹാരം എന്താണെന്ന് താൻ പിന്നീട് വിശദമാക്കുന്നുണ്ട്.

'ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസമാകുന്നു' (യോഹ. 6: 51). നിത്യജീവനുവേണ്ടി താൻ നൽകുമെന്ന് വാഗ്ദത്തം ചെയ്ത അപ്പം തന്റെ ശരീരം തന്നെയാണെന്ന് ഇവിടെ കാണാം.

'ഞാൻ ജീവന്റെ അപ്പമാകുന്നു' (6: 35) 'ഞാൻ സ്വർഗത്തിൽനിന്നു ഇറങ്ങിവന്ന അപ്പമാകുന്നു' (6: 41) 'ഞാൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പമാകുന്നു' (6: 51) 'സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന നിത്യാഹാരമായ ജീവന്റെ അപ്പം താനാകുന്നുവെന്നും ഈ അപ്പമാകുന്ന തന്നെത്തന്നെയാണ് — തന്റെ ശരീരത്തെയാണ് — ആഹാരമായി നൽകുന്നതെന്നും ഇവിടെ വ്യക്തമാക്കുന്നു.

'സത്യമായും ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല' (6: 53) 'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്' (6: 54) 'എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും' (6: 55–57) 'പിതാക്കൻമാർ മന്നാ തിന്നുകയും മരിക്കുകയും ചെയ്തതുപോലെയല്ല: ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും' (6: 58). കർത്താവേശുമിശിഹാ മനുഷ്യലോകത്തിന്റെ നിത്യജീവനായി നൽകുമെന്ന് വാഗ്ദത്തം ചെയ്ത ആഹാരം തന്റെ ശരീര രക്തങ്ങളാകുന്ന അപ്പവീഞ്ഞുകളാകുന്നുവെന്ന് ഇവിടെയെല്ലാം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ കർത്താവ് ഗോതമ്പു കൊണ്ടുള്ള അപ്പം തൃക്കൈയ്യിൽ എടുത്ത് വാഴ്ത്തി ശുദ്ധീകരിച്ച ശേഷം ശിഷ്യൻമാരോടു കല്പിക്കുന്നു; 'വാങ്ങി ഭക്ഷിപ്പിൻ. ഇത് എന്റെ ശരീരം'. പിന്നെ പാനപാത്രം എടുത്ത് സ്തോത്രം ചെയ്ത് 'എല്ലാവരും ഇതിൽനിന്ന് കുടിപ്പിൻ. ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം' (മത്താ. 26: 26–28) വി. മർക്കോസിലും വി. ലൂക്കോസിലും ഇതുതന്നെ കാണുന്നു.

നിത്യജീവനുവേണ്ടി നിലനിൽക്കുന്ന ആഹാരം നൽകുമെന്നും ആ ആഹാരം തന്റെ ശരീര രക്തങ്ങളാണെന്നും കല്പിച്ചു. കർത്താവ് അപ്പ വീഞ്ഞുകൾ കയ്യിലെടുത്ത് വാഴ്ത്തി ശുദ്ധീകരിച്ച് ഇത് എന്റെ ശരീര രക്തങ്ങളാകുന്നുവെന്നും ഇത് നിങ്ങൾ ഭക്ഷിക്കുവിൻ എന്നും ഇത് ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്നും ഞാൻ തരുന്ന അപ്പ വീഞ്ഞുകൾ എന്റെ ശരീര രക്തങ്ങളാണെന്നും ഇത് ഭക്ഷിക്കുന്നവന് നിത്യജീവനുണ്ടെന്നും തന്നെ ഓർക്കുവാനും തന്നിൽ വസിക്കുവാനും എന്നാളും — താൻ വീണ്ടും വരുന്നതുവരെയും — നിങ്ങൾ ഇപ്രകാരം തുടരുവിൻ എന്നും ദൈവമായ കർത്താവ് സംശയരഹിതമായ ഭാഷയിൽ തറപ്പിച്ച് കല്പിച്ചിരിക്കുമ്പോൾ അതിനെ എതിർക്കാൻ മനുഷ്യനാര്?

കർത്താവിന്റെ പരിശുദ്ധ ശിഷ്യൻമാർ അതുപോലെ വിശ്വസിച്ചു. അതുപോലെ വിശ്വാസികളെ പഠിപ്പിച്ചു. ലോകമെങ്ങുമുള്ള സത്യവിശ്വാസികൾ അതുപോലെ അനുഷ്ഠിച്ചുവരുന്നു. അതുകൊണ്ടാണല്ലൊ വിവേചിക്കാതെ ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ തന്നെത്താൻ ന്യായവിധി വരുത്തിവയ്ക്കുന്നുവെന്ന് പൗലൂസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത് (1 കോറി. 11: 29).

'നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയല്ലയോ? (1 കൊറി. 10: 16). അതുകൊണ്ട് അയോ

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണക്ക്



കെ. പി. ഈശോ, പനയമ്പാല.



Mr. & Mrs. T. G. Varughese.

Lilly Cherian.



ഒരു വിശ്വാസി, മല്ലശ്ശേരി.



ഒരു വിശ്വാസി, ബറോഡാ.

ജി. തോമസ്.

# സഭാ വാർത്തകൾ

## പ്രാർത്ഥനായോഗങ്ങൾ

### സഭാംഗങ്ങളിൽ ആത്മീയ ഉണർവും സുവിശേഷബോധവും വളർത്തണം.

ചെങ്ങന്നൂർ: സഭയുടെ ആഗോളവികസനത്തിന് അത്മായ പങ്കാളിത്തം അനിവാര്യമാണെന്നും ഇതിലേക്ക് അത്മായക്കാർക്ക് ആത്മീയ ഉണർവും സുവിശേഷ ബോധവും വളർത്തി എടുക്കേണ്ടിയിരിക്കുന്നു എന്നും ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർഅത്താനാസിയോസ് എപ്പിസ്ക്കോപ്പാ പ്രസ്താവിച്ചു.

ഇടവകജനങ്ങളിൽ വിശ്വാസസ്ഥിരതയും സഭാസ്നേഹവും ആദ്ധ്യാത്മിക ചൈതന്യവും സാഹോദര്യവും വളർത്തി എടുക്കുക എന്ന ആശയത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചെങ്ങന്നൂർ മെത്രാസനത്തിൽപെട്ട 50 ഇടവക പള്ളികളിലെ പ്രാർത്ഥനായോഗങ്ങളുടെ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇടവകകളുടെ വാർഷിക പൊതുയോഗത്തിൽ പങ്കെടുത്ത് നൂതനങ്ങളായ തീരുമാനങ്ങളെടുത്ത് നടപ്പിൽ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും പഠിക്കുന്നതിനും അർഹരായിട്ടുള്ളവരുടെ പ്രാദേശികാടിസ്ഥാനത്തിൽ കൂടുന്ന യൂണിററുകളാണ് പ്രാർത്ഥനായോഗങ്ങൾ എന്നദ്ദേഹം അതിനെ നിർവചിച്ചു.

പ്രാർത്ഥനായോഗങ്ങൾ ശരിയാംവണ്ണം നടക്കുന്നെങ്കിൽ മററാദ്ധ്യാത്മിക സംഘടനകൾ നടക്കുകയും ഭദ്രാസനത്തിനും കേന്ദ്രത്തിനുമുള്ള വിഹിതങ്ങൾ കൃത്യസമയത്ത് പിരിച്ചെടുത്ത് സഭാപ്രവർത്തനങ്ങൾ സമഗ്രമായി മെച്ചപ്പെടുത്തുവാൻ കഴിയുകയും ചെയ്യും. അതിനുദാഹരണമായി ചെങ്ങന്നൂർ ഭദ്രാസനത്തിലെ കാതോലിക്കാദിനപിരിവിൻെറയും ഭദ്രാസന വികസന പിരിവിൻെറയും കണക്ക് അദ്ദേഹം ചൂണ്ടിക്കാട്ടി.

കേന്ദ്രം നിർദ്ദേശിച്ചതിലധികം തുക പിരിച്ചെടുക്കുന്നതിനും ഭദ്രാസനത്തിലെ മുഴുവൻ പള്ളികളും ഇതിൽ പങ്കാളികളാകുന്നതിനും കഴിഞ്ഞത് അതിൻെറ പിരിവ് പ്രാർത്ഥനായോഗങ്ങൾവഴി ക്രമീകരിച്ചതിനാലാണെന്നും മെത്രാപ്പോലീത്താ വ്യക്തമാക്കി. ചടങ്ങിൽ ഫാ. ഉമ്മൻ പി. ഏബ്രഹാം (പ്രിൻസിപ്പാൾ, പത്തനാപുരം) ശ്രീ. തോമസ് കുതിരവട്ടം M. P., കെ.എം. മാത്യു (ഹെഡ്മാസ്ററർ) എന്നിവർ പ്രസംഗിച്ചു.

ഭദ്രാസനത്തിലെ 5 ഡിസ്ട്രിക്ടുകളിലെ 295 പ്രാർത്ഥനായോഗങ്ങളെ പ്രതിനിധീകരിച്ച് 500-ൽപരം പ്രതിനിധികൾ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. വാർഷികസമ്മേളനത്തിനു മുൻപായി 'പ്രാർത്ഥനായോഗങ്ങൾ എങ്ങനെ മെച്ചപ്പെടുത്തണം' എന്നതിനെക്കുറിച്ച് ചർച്ചാസമ്മേളനവും നടന്നു. പ്രാർത്ഥനായോഗങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഒരു ഭരണഘടനയും യോഗം അംഗീകരിച്ചു.

---

ഗ്യമായി അപ്പം തിന്നുകയോ കർത്താവിൻെറ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവനെല്ലാം കർത്താവിൻെറ ശരീരവും രക്തവും സംബന്ധിച്ചു കുററക്കാരനാകും' (1 കോറി. 11:27). വാഴ്ത്തപ്പെട്ട അപ്പവീഞ്ഞുകൾ കർത്താവിൻെറ തിരുശരീര രക്തങ്ങൾ ആകുന്നുവെന്നുള്ളതിൽ പൗലോസ് ശ്ലീഹായ്ക്ക് യാതൊരു സംശയവുമില്ല.

'എന്നെ അയച്ചവൻ സത്യവാനാകുന്നു. അവനോടു കേട്ടതുതന്നെ ഞാൻ ലോകത്തോടു സംസാരിക്കുന്നു (യോഹ. 8: 26). 'എൻെറ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എൻെറ ശിഷ്യരാകുന്നു (യോഹ. 8: 31). ഞാനോ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല (യോഹ. 8: 45).

വേദശാസ്ത്രങ്ങളോ, വാഖ്യാനങ്ങളോ, അപ്പോസ്തോലിക പാരമ്പര്യങ്ങളോ ഒന്നും അന്വേഷിക്കാതെത്തന്നെ മേലുദ്ധരിച്ചിരിക്കുന്ന വേദത്തെളിവുകൾ നിഷ്പക്ഷമായും ആൽമാർത്ഥമായ സത്യാന്വേഷണതാല്പര്യത്തോടും പഠിച്ച് മനസിലാക്കുന്നവർക്ക് വി. കുർബാനയിലെ അപ്പവീഞ്ഞുകൾ കർത്ത്യകൽപ്പന പ്രകാരം തിരുശരീര രക്തങ്ങളായിത്തീരുന്നുവെന്നതിൻ യാതൊരു സംശയത്തിനും വകയില്ലാത്തതാകുന്നു. നിത്യജീവൻ പ്രാപിക്കണമെങ്കിൽ സത്യം സംസാരിക്കുന്ന ക്രിസ്തുവിനെ നാം വിശ്വസിക്കണം.

## ഭദ്രാസന ശിശുദിന കാണിക്ക ആന്ധ്രാ ബാലഗ്രാമിലേക്ക്

ശിശുദിനത്തോടനുബന്ധിച്ച് ചെങ്ങന്നൂർ ഭദ്രാസനത്തിലെ പള്ളികളിൽ നിന്ന് കുട്ടികളുടേതായി പിരിച്ചെടുത്ത ശിശുദിന കാണിക്ക ആന്ധ്രായിലെ ബാലഗ്രാമിലേക്ക് നൽകുന്നതാണെന്ന് ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ പ്രസ്താവിച്ചു.

കുഷ്ഠരോഗമുള്ളവരിൽനിന്നും ദത്തെടുക്കുന്ന കുഷ്ഠമില്ലാത്ത കുട്ടികളെ വളർത്തുന്നതിലേക്കായി ആ തുക വിനിയോഗിക്കും. യോഹന്നാൻ മംദാനയുടെ ജന്മദിനത്തോടനുബന്ധിച്ച് സഭയൊട്ടുക്ക് കൊണ്ടാടിയ ശിശുദിനാഘോഷത്തിന്റെ ഭാഗമായി ചെങ്ങന്നൂർ മെത്രാസനത്തിൽ മാത്രമായി നടപ്പാക്കിയതാണ് ഈ ശിശുദിനകാണിക്ക.

'വി. കുർബാന അനുഭവിച്ചുവരുന്ന കുട്ടികൾ ഇരുപത്തിയഞ്ച് പൈസാ വീതം പ്രത്യേകം തളികയിൽ നിക്ഷേപിക്കുന്നു. ആ തളികയിലെ തുക ഭദ്രാസനകേന്ദ്രത്തിലേക്ക് അയയ്ക്കുന്നു. അങ്ങനെ സ്വരൂപിച്ച തുകയാണീ ശിശുദിനകാണിക്ക.'

ചെങ്ങന്നൂർ ഭദ്രാസനത്തിൽ ആദ്യമായി ആരംഭിച്ച ഈ ശിശുദിനാഘോഷം ഈ വർഷം സഭയൊമ്പാടും വിവിധ പരിപാടികളോടെ ആഘോഷപൂർവ്വം കൊണ്ടാടി.

## 'ഒരു ചതുരശ്ര അടി പദ്ധതി വിജയിപ്പിക്കുക'

ചെങ്ങന്നൂർ ഭദ്രാസനാസ്ഥാനത്തു പണിതുയർത്തുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ വികസന പ്രവർത്തനാർത്ഥം ഒരു ചതുരശ്ര അടി പണിയുന്നതിലേക്കായി 200 രൂപാ വീതം നൽകി 'ഒരു ചതുരശ്ര അടി പദ്ധതി' വിജയിപ്പിക്കണമെന്ന് ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് ഒരു കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

ഭദ്രാസനാസ്ഥാനത്ത് പണിതുയർത്തുന്ന കെട്ടിടങ്ങൾക്ക് ഏകദേശം 7000 ചതുരശ്ര അടി തറവിസ്തീർണ്ണമാണുള്ളത്. ഒരു ചതുരശ്ര അടി പണിയുന്നതിലേക്കായി 200 രൂപാ വേണ്ടിവരും. 7000 പേരിൽ നിന്നും ശേഖരിക്കുന്ന 14 ലക്ഷം രൂപായാണ് ഈ പദ്ധതിക്കായി ബജററ് ഇട്ടിരിക്കുന്നത്.

ഭദ്രാസനത്തിലെ കഴിവുള്ളവരും മററഭ്യുദയകാംക്ഷികളും 200 രൂപാവീതം നൽകി ഈ പദ്ധതി വിജയപ്രദമാക്കിയാൽ ഭദ്രാസനത്തിലെ മുഴുവൻ ആളുകളുടെയും പങ്കാളിത്തത്തിന്റെ പ്രതീകമായിത്തീരും ഭദ്രാസനാസ്ഥാനം' എന്ന് അദ്ദേഹം കല്പനയിൽ ചൂണ്ടിക്കാട്ടുന്നു.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ശിലാസ്ഥാപനം പ. കാതോലിക്കാബാവാ തിരുമേനി 1987 ജനുവരി ഒന്നാം തീയതി നിർവ്വഹിച്ചു.

## ക്വിസ് മൽസരം

തോട്ടപ്പുഴ: എം.ജി.എം. ബാലികാ–ബാലസമാജത്തിന്റെ ആഭിമുഖ്യത്തിൽ 'സെന്റ് ഗ്രീഗോറിയോസ് എവർ റോളിംഗ് ട്രോഫി'ക്കുവേണ്ടി നിരണം – ചെങ്ങന്നൂർ ഭദ്രാസനങ്ങളിലെ സണ്ടേസ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ ക്വിസ് മൽസരത്തിൽ കുടശശനാട് വെസ്ററ് സെന്റ് സ്റ്റീഫൻസ് സണ്ടേസ്കൂൾ ടീം ഒന്നാം സ്ഥാനം നേടി ട്രോഫി കരസ്ഥമാക്കി. കാളികുന്ന് എം.ജി.എം. രണ്ടാം സ്ഥാനവും ജോസഫ് ടി. ജോർജ് (വളഞ്ഞവട്ടം ഈസ്ററ്) മൂന്നാം സ്ഥാനവും നേടി. ശ്രീ. മാത്യു വർഗീസ് (പരുമല) ക്വിസ് മാസ്ററർ ആയിരുന്നു. തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളി വികാരി ഫാ. കെ. സി. ജേക്കബ് അദ്ധ്യക്ഷത വഹിച്ച പരിപാടിക്ക് ജോൺ എം. ജോൺ സ്വാഗതവും വർഗീസ് ജോൺ കൃതജ്ഞതയും പറഞ്ഞു.

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



Joy Daniel & Family, Vazhuvady.



## വാർഷികസമ്മേളനം

റാന്നി ഡിസ്ട്രിക്ററ് സണ്ടേസ്കൂൾ അദ്ധ്യാപക വാർഷികസമ്മേളനം ഡിസംബർ 14ാം തീയതി പെരുനാട് ബഥനി പള്ളിയിൽവച്ചു നടന്നു. രാവിലെ വി. കുർബാനയെത്തുടർന്ന് എസ്. തങ്കച്ചനും പി. പി. ദാനിയേലും ക്ലാസുകൾ എടുത്തു. രണ്ടുമണിക്കു ചേർന്ന പൊതുസമ്മേളനത്തിൽ ഫാ. കുറിയാക്കോസ് OIC അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺ ശങ്കരത്തിൽ, ഫാ. ജയിക്കബ് ഫിലിപ്പ്, ശ്രീമാൻമാരായ വി.കെ.പാപ്പി, എസ്. തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് മൽസരവിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങൾ അദ്ധ്യക്ഷൻ വിതരണം ചെയ്തു. മീററിങ്ങിൽ സജി മാത്യു സ്വാഗതവും ഡിസ്ട്രിക്ട് ഇൻസ്പെക്ടർ നന്ദിയും പറഞ്ഞു.

## പട്ടംകൊട

തൃക്കോതമംഗലം വാഴക്കാലാ ചിറയിൽ മുന്തിരിതോപ്പിൽ ഫിലിപ്പ് സി. എബ്രഹാം ശെമ്മാശന് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ തിരുമേനി ഡിസംബർ 24–ാം തീയതി തൃക്കോതമംഗലം സെന്റ് ജെയിംസ് പള്ളിയിൽ വച്ച് കശശീശാപട്ടം നൽകി.

മാവേലിക്കര: വൈദികസെമിനാരി നാലാം വർഷ വിദ്യാർത്ഥി കല്ലുമല പൈനുവിള പുത്തൻവീട്ടിൽ മാത്യു ബേബിക്ക് മത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി കല്ലുമല സെ. ഗ്രീഗോറിയോസ് ചാപ്പലിൽവച്ച് ഡിസംബർ 27–ാം തീയതി ശെമ്മാശുപട്ടം നൽകി.

കിഴവള്ളൂർ: പരേതനായ റവ. ഫാ. മാത്യൂസിന്റെ മകനും വൈദിക സെമിനാരി നാലാം വർഷ വിദ്യാർത്ഥിയുമായ ഷാജി മാത്യുവിന് പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് ഡിസംബർ 26–ാം തീയതി കിഴവള്ളൂർ സെ. ജോർജ് പള്ളിയിൽവച്ച് ശെമ്മാശുപട്ടം നൽകി.

## ശിശുദിനം

സഭ ആകമാനം ഈ വർഷം ഡിസംബർ 7–ാം തീയതി – വി. യോഹന്നാൻ സ്നാപകന്റെ ജന്മദിനത്തിൽ – ശിശുദിനം ആചരിച്ചു. വിവിധ ഇടവകകളിലെ ആഘോഷങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ഇവിടെ ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ റാലികൾ, സമ്മേളനങ്ങൾ, ഒന്നിച്ചുള്ള വി. കുർബാന അനുഭവം, മധുരപലഹാര വിതരണം മുതലായ അനേകം പരിപാടികളോടെയാണ് എല്ലാ സ്ഥലങ്ങളിലും ശിശുദിനം ആഘോഷിച്ചത്. സ്ഥലപരിമിതിമൂലം എല്ലാ ഇടവകകളിലെയും റിപ്പോർട്ടുകൾ മാസികയിൽ പ്രസിദ്ധപ്പെടുത്താൻ കഴിയാത്തതിൽ ഖേദിക്കുന്നു.

(പത്രാധിപർ)

## ഏകദിനസമ്മേളനം

പഴഞ്ഞി: എം. ഡി. കോളജിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ഏകദിനസമ്മേളനം കോട്ടപ്പടി സെ. ജോർജ് പള്ളിയിൽവച്ച് നടന്നു. പൊതുസമ്മേളനം കുന്നംകുളം ഭദ്രാസനാധിപൻ പൗലൂസ് മാർ മിലീത്തിയോസ് എപ്പിസ്കോപ്പാ ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ പ്രൊഫ. കെ. എം. കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ എം. എ. മത്തായി, ഫാ. ജോൺ തോമസ് എന്നിവർ പ്രസംഗിച്ചു. വി. കുർബാനയെ കുറിച്ച് റവ. ഡോ. എം. ഏ. മത്തായി ക്ലാസെസടുത്തു. ഫാ. സോളമൻ, ഫാ. സി. ടി. ജോസ്, പി. ജി. കുര്യൻ, എം. എസ്. മാത്യു, ലാലു ഐസക്ക്, ടി. ഐ. ആനി എന്നിവർ നേതൃത്വം നൽകി. ഫാ മത്തായി പനയ്ക്കൽ സ്വാഗതവും സുധീർ ഡേവിഡ് നന്ദിയും പറഞ്ഞു.

## പ്രഥമവാർഷികം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ മർത്തമറിയം സമാജത്തിന്റെ പ്രഥമവാർഷികം 1986 ഡിസംബർ മാസം 14–ാംനു ഞായറാഴ്ച തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആറാട്ടുപുഴ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തി. സമ്മേളനത്തിൽ ഫാ. ററി. ജി. ജോൺ, സി. ബേബി, അന്നമ്മ കോശി എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി. ഫാ. ററി. ജെ. ജോഷ്വാ, ജോൺ മാത്യു, മേരി തോമസ് എന്നിവർ പ്രസംഗിച്ചു. വികാരി ഫാ. സി. വി. ശമുവേൽ സ്വാഗതവും ഭദ്രാസന സെക്രട്ടറി കുഞ്ഞൂഞ്ഞമ്മ മാമ്മൻ കൃതജ്ഞതയും പറഞ്ഞു.

## അദ്ധ്യാപക സെമിനാർ

കൊല്ലം ഭദ്രാസനത്തിലെ കല്ലട ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപകരുടെ ഏകദിന സെമിനാർ 1986 നവംബർ മാസം 9–ാംനു കൊടുവിള സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളി

യിൽവച്ച് നടന്നു. ഫാ. എൻ. ജി. ജോർജ് വി. കുർബാന അർപ്പിച്ചു. ഭദ്രാസന പ്രതിനിധി കെ. എം. പൊടിയൻ മോഡൽ ക്ലാസ് എടുത്തു. ഭദ്രാസന ഡയറക്ടർ സി. സി. ജോർജ് ബൈബിൾ ക്ലാസെടുത്തു ഉച്ചയ്ക്കുശേഷം ചർച്ചയും തുടർന്ന് പൊതുയോഗവും ഉണ്ടായിരുന്നു. സമ്മേളനയോഗത്തിൽ ഫാ. ജോർജ് അദ്ധ്യക്ഷം വഹിച്ചു. ഫാ. റ്റി. വൈ. ഗീവർഗീസ്, പോലീസ് സബ് ഇൻസ്പെക്ടർ എം. ചാക്കോ പണിക്കർ, സി. ഉണ്ണുണ്ണി, സി. ഓ. ജോർജ്, കെ. എം. പൊടിയൻ എന്നിവർ പ്രസംഗിച്ചു. കൊടുവിള സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ കെ. ജോർജ് സ്വാഗതവും, കല്ലട ഡിസ്ട്രിക്ട് ഇൻസ്പെക്ടർ റ്റി. എം. യോഹന്നാൻ കൃതജ്ഞതയും പറഞ്ഞു.

### സുവിശേഷ പ്രസംഗയോഗം

പഴഞ്ഞി സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിലെ ബൈബിൾ ക്ലാസിൻെറ ആഭിമുഖ്യത്തിൽ പള്ളി അങ്കണത്തിൽവച്ച് ഡിസംബർ 11 മുതൽ 14 വരെ സുവിശേഷ പ്രസംഗയോഗങ്ങൾ നടത്തി. യോഗം ഭദ്രാസനാധിപൻ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനി ഉത്ഘാടനം ചെയ്തു. തുടർന്നുള്ള യോഗങ്ങളിൽ സി. കെ. ജോസഫ് റമ്പാൻ, ഡീ. തോമസ് കുര്യൻ, ഡീ. കെ. എം. സഖറിയ, ജോസഫ് അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

### മലങ്കരസഭയുടെ ഓമനത്വമുള്ള പുത്രൻ

കുന്നംകുളം: 'സണ്ടേസ്കൂൾ പ്രസ്ഥാനം മലങ്കരസഭയുടെ ഓമനത്വമുള്ള പുത്രനാണ്' എന്ന് കുന്നംകുളം മെയിൻറോഡ് എം. ജി എം. സണ്ടേസ്കൂളിൽ ആരംഭിച്ച കുന്നംകുളം മെത്രാസന സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന ക്യാമ്പ് ഉൽഘാടനം ചെയ്തുകൊണ്ട് പൗലൂസ് മാർ മിലീത്തിയോസ് തിരുമനസുകൊണ്ട് പ്രസ്താവിച്ചു.

മെത്രാസനത്തിലെ എല്ലാ അദ്ധ്യാപകർക്കും പങ്കെടുക്കുവാനവസരം നൽകിയ ക്യാമ്പിൽ 'സണ്ടേസ്കൂൾ അദ്ധ്യപകൻ ആരായിരിക്കണം' 'താലന്തുകളുടെ വിനിമയം' 'പാഠം പഠിപ്പിക്കുന്നതെങ്ങനെ' 'ചോദ്യരചനാരീതി' എന്നിവയെ ആസ്പദമാക്കി ഫാ. മാത്യു OIC, ഫാ. അബ്രഹാം സി.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



Mammen, Jolly, Fr. Cherian, ഏലിയാമ്മ ഉമ്മൻ. അച്ചാമ്മ ജോസഫ്.

ശാന്തമ്മ, മൂർത്തിട്ട. ഒരു വിശ്വാസി. ഏലിയാമ്മ മാത്യു. സോഫിയാമ്മ ഈപ്പൻ.



വി, ശ്രീ. കെ. വി. ചെറിയാൻ, ശ്രീ. എം. എസ്. മാത്യു തുടങ്ങിയവർ ക്ലാസുകളെടുത്തു. ധ്യാനത്തിനുശേഷം അദ്ധ്യാപകർ കുമ്പസാരിച്ചു.

21-ാം- ഭദ്രാസന മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് വി. കുർബാന അർപ്പിച്ചു. 'അദ്ധ്യാപന രീതികൾ' 'സണ്ടേസ്കൂൾ അദ്ധ്യാപകൻെറ വിവിധ യോഗ്യതകൾ' എന്നീ വിഷയങ്ങൾ ആസ്പദമാക്കി ഡിസ്ട്രിക്ട് ഡയറക്ടർ വർഗീസ് റ്റി. വി, എം. ഡി. കോളേജ് പ്രിൻസിപ്പൽ കെ.എം. കുരിയാക്കോസ് എന്നിവർ ക്ലാസുകളെടുത്തു. സമാപനസമ്മേളനത്തിൽ പൗലൂസ് മാർ മിലീത്തിയോസ് തിരുമനസുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ പി. വി. ജോബ് റിപ്പോർട്ട് അവതരിപ്പിച്ചു. സ്വാതന്ത്ര്യ സുറിയാനിസഭാ മേലദ്ധ്യക്ഷൻ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സണ്ടേസ്കൂൾ അദ്ധ്യാപകർ ക്രൈസ്തവസാക്ഷ്യം ഉള്ളവരായിരിക്കണമെന്ന് ഉദ്ബോധിപ്പിച്ചു. ഫാ. ഗീവർഗീസ് ചീരൻ, പ്രൊഫ. എൻ. ഒ. ജോർജ്, D.E.O. ജോൺ കെ. സി, D.D. കുഞ്ഞാത്തിരി പി. സി. എന്നിവർ പ്രസംഗിച്ചു. ഫാ. അബ്രഹാം ഓലിക്കൽ സ്വാഗതവും, ഭദ്രാസന അദ്ധ്യാപക പ്രതിനിധി സി. വി. ഉല്ലാസ് കൃതജ്ഞതയും രേഖപ്പെടുത്തി.

### പത്രാധിപർക്കുള്ള കത്ത്

നവംബർ ലക്കം മലങ്കരസഭയിൽ 'ഒന്നാം നൂററാണ്ടിൽ ഭാരതത്തിൽ റോമൻ കത്തോലിക്കാസഭയോ' എന്ന ശീർഷകത്തിൽ Letter to the Editor ആയി പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം എഴുതിയത് സഭാചരിത്രസംബന്ധമായി വളരെയധികം ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ആളും ഇതുവരെയുള്ള മലങ്കരസഭാചരിത്രം ഇംഗ്ലീഷിൽ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയ ദേഹവുമായ ശ്രീ. ഡേവിഡ് ഡാനിയേൽ(ന്യൂഡൽഹി) ആയിരുന്നു. ലേഖനത്തിൽ പേരുചേർക്കാൻ വിട്ടുപോയിരുന്നു (പത്രാധിപർ)

## ഡൽഹി ഓർത്തഡോക്സ് സെൻറർ സാമൂഹ്യവികസന രംഗത്ത്

ഡീക്കൻ ജോർജ് പൗലൂസ്, ഓണക്കൂർ.

ഡൽഹി ഓർത്തഡോക്സ് സെൻററിൻെറ ബഹുമുഖമായ പ്രവർത്തനങ്ങളിലൊന്നാണ് സൗത്ത് ഡൽഹി പീപ്പിൾസ് എഡ്യൂക്കേഷൻ പ്രോജക്ട്. അംബരചുംബികളായ സൗധങ്ങളോടൊപ്പം തലചായ്ക്കാനിടമില്ലാത്ത പട്ടണവാസികളുടെ കൂരകളും അവയുടെ വൃത്തിഹീനമായ ചുററുപാടുകളും നമ്മുടെ നഗരങ്ങളുടെ പുഴുക്കുത്തുകളാണ്. രാഷ്ട്രീയക്കാരുടെ അവകാശവാദങ്ങൾക്കെതിരെ നോക്കുകുത്തികൾപോലെ നിലകൊള്ളുന്ന ഈ ചേരികൾ വൃത്തികേടിൻേറയും അനാരോഗ്യത്തിൻേറയും പാർപ്പിടങ്ങളാണ്. അവിടെ അധിവസിക്കുന്ന ആയിരങ്ങളെ ആരോഗ്യരക്ഷയെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതാണ് ദക്ഷിണദില്ലി ജനതാ ശിക്ഷാ യോജന (SDPEP) കൊണ്ട് ഉദ്ദേശിക്കുന്നത്. ഡൽഹി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഈ സാമൂഹ്യവികസനപദ്ധതിയുടെ സാരഥ്യം വഹിക്കുന്നു.

ഈ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങളുടെ ആദ്യപടിയായി ഡോ. അംബേദ്കർ നഗറിലെ ചേരി പ്രദേശങ്ങളിൽ വിശദമായ സർവ്വേ നടത്തി. അവരുടെ പ്രശ്നങ്ങളുടെ രൂപം ലഭിക്കുവാൻ ഇത് വളരെ സഹായിച്ചു. സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രധാനമായും മൂന്നുതരത്തിലുള്ള പരിപാടികളാണ് ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

1. വിദഗ്ധമായ രോഗ പരിശോധനയും ഔഷധങ്ങളും ചേരിനിവാസികൾക്ക് ലഭ്യമാക്കുക.

2. ആരോഗ്യരക്ഷ, പോഷകാഹാരം, ശിശുപരിപാലനം, കുടുംബക്ഷേമം, മെച്ചമായ കുടുംബജീവിതം എന്നിവയിൽ അടിസ്ഥാന വിദ്യാഭ്യാസം നൽകുക.

3. കൈത്തൊഴിലുകളിൽ പരിശീലനം നൽകി അവരുടെ പ്രത്യേകിച്ചും സ്ത്രീകളുടെ വരുമാന നിലവാരം ഉയർത്തുക.

പ്രസ്ഥാനത്തെ പ്രവർത്തിപഥത്തിലെത്തിച്ചുകൊണ്ട് നവംബർ 30-ന് ഡോ. അംബേദ്കർ നഗറിലെ ജനതാ ജീവൻ ക്യാമ്പിൽ ഒരു മെഡിക്കൽ ക്യാമ്പ് നടത്തി. ഡോ റേച്ചൽ ജോസ്, ഡോ. മാത്യു വറുഗീസ്, ഡോ. അനിൽ വറുഗീസ്, ഡോ. ജാർജ എബ്രഹാം എന്നിവർ രോഗികളെ പരിശോധിച്ചു. നേഴ്സിങ്ങ് സൂപ്രണ്ടുമാരായ മിസസസ് വർഗീസും മിസസ് ഫിലിപ്പും സിസ്ററർ ഹന്നാ. സിസ്ററർ ജൂലിയാന, മി. കെ. പി. ജോയിക്കുട്ടി എന്നിവരും രോഗികൾക്ക് ഔഷധങ്ങൾ നൽകുന്നതിൽ സ്തുത്യർഹമായി സേവനം അനുഷ്ടിച്ചു. സ്ത്രീകളും കുട്ടികളും അടക്കം

220 രോഗികളെ പരിശോധിക്കുവാനും ഔഷധങ്ങൾ നൽകുവാനും കഴിഞ്ഞു.

ഫാ. കെ. എം. ജോർജും ഡീക്കൻ ജോർജ് പൗലോസും ഈ സാമൂഹ്യ ക്ഷേമപരിപാടികൾക്ക് നേതൃത്വം നൽകുന്നു. ഡീക്കൻ കെ. ജി. അലക്സാണ്ടർ, സി. റ്റി. മത്തായിക്കുട്ടി, വി. ജെ. ജോളി, കെ. ജെ. റോയ്, ബിന്നി ജേക്കബ് എന്നിവരും ഈ പദ്ധതിയുടെ പ്രവർത്തകരാണ്.

## വെല്ലൂർ അഡ്മിഷൻ

ഈ വർഷം നമ്മുടെ സഭയിൽനിന്ന് വെല്ലൂർ മെഡിക്കൽ കോളേജിൽ പ്രവേശനത്തിന് എത്ര പേർ അപേക്ഷിച്ചിരുന്നു. എത്ര പേർക്ക് പ്രവേശനം ലഭിച്ചു.

ജേക്കബ് ജോർജജ്, മെഡിക്കൽ
കോളജ് ആലപ്പുഴ.

എം. ബി. ബി. എസിന് 66 പേരും മററു കോഴ്സുകൾക്ക് 64 പേരും അപേക്ഷിച്ചിരുന്നു. ഇവരിൽ പരീക്ഷയിലും ഇൻറർവ്യുവിലും പാസായ 28 പേരെ എം. ബി. ബി. എസ്സിനും 3 പേരെ ബി. എസ്സ്സി. നേഴ്സിങ്ങിനും പത്തു പേരെ മററ് കോഴ്സുകൾക്കും സഭയിൽനിന്ന് സ്പോൺസർ ചെയ്ത് വെല്ലൂർക്ക് അയച്ചു. വെല്ലൂരിലെ പരിശോധനയിൽ എം. ബി. ബി. എസ്സിന് അനിലാ ജോർജ് ജേക്കബും (പൂള്ളോലിക്കൽ, കോട്ടയം) അനിൽ റോയിയും (കാമരാജ് യൂണിവേഴ്സിററി മധുര) ബി. എസ്സ്സി. നേഴ്സിംഗിന് മിനി പി. കുര്യനും (വട്ടക്കുന്നേൽ കോട്ടയം) ശോഭന തോമസും (കീച്ചേരിൽ,തിരുവല്ല) ഒട്ടർ ടെക്നീഷൻ കോഴ്സിന് പി. ജെ. വത്സയും (കണ്ടഴ ഹൌസ്പിററൽ) പി. കെ. ലില്ലിയും (പാലക്കുന്നേൽ മഴുവന്നൂർ) തെരഞ്ഞെടുക്കപ്പെട്ടു.

(പത്രാധിപർ)

## "കടന്നുവന്ന് ഞങ്ങളെ സഹായിക്കുക" (അപ്പോ: 16. 9)

ഫാ. പീലിപ്പോസ് ഫിലിപ്പ്

രാജസ്ഥാനിൽ നമുക്ക് പതിന്നാല് ഇടവകകൾ ഉണ്ടെങ്കിലും ജോധ്പൂരിൽ മാത്രമേ സ്വന്തം പള്ളിയുള്ളു. രണ്ടു മൂന്നു കേന്ദ്രങ്ങളൊഴികെ ബാക്കിയെല്ലാം വളരെ ചെറിയ ഇടവകകളാണ്. ഇവയുടെ കർമ്മാദികൾ നടത്തുന്നതിനുവേണ്ടി ഈയടുത്ത സമയം വരെ കേവലം രണ്ടു പട്ടക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഉദയപൂരിൽ ഒരച്ചൻ ...ക്കി പ്രവർത്തനമാരംഭിച്ചതോടുകൂടി സമീപ ഇടവകകളും പുഷ്ടിപ്പെട്ടു തുടങ്ങി. ഉദയപൂരിൽ ഇടവക ചെറുതാണെങ്കിലും നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളുണ്ട്. ഇപ്പോൾ വാടക കെട്ടിടത്തിലാണ് സ്കൂൾ നടത്തുന്നത്. പള്ളിക്കും സ്കൂളിനും വേണ്ടി സ്ഥലം വാങ്ങി ശിലാസ്ഥാപനം നടത്തിക്കഴിഞ്ഞു. വളരെ വികസിത സാദ്ധ്യതയുള്ള ഒരിടവകയാണ് ഉദയപൂർ.

ഉദയപൂരിൽ നിന്നും നൂററിമ്പതു കി. മി. ദൂരെ ഡുംഗർപൂരിൽ പരി. പരുമല തിരുമേനിയുടെ നാമത്തിൽ നമുക്ക് ഒരിടവകയുണ്ട്. ഡൽഹി ഭദ്രാസനത്തിലെ ഏററവും ചെറിയ ഇടവകയാണങ്കിലും ദൈവത്തിൻെറ വലിയ കൃപയാൽ പള്ളിക്കുവേണ്ടി സ്ഥലം വാങ്ങുവാൻ സാധിച്ചു. ഇപ്പോൾ നമ്മൾ ആരാധന നടത്തുന്നത് റോമൻ കത്തോലിക്ക പള്ളിയിലാണ്. അവരുടെ ശുശ്രൂഷകൾക്കുശേഷം ഉച്ചയ്ക്ക് 12-30 ന് ആണ് നമ്മൾ വി. കുർബാന ആരംഭിക്കുന്നത്. കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകളും മററും നടത്തന്നതിന് വേറെ സ്ഥലം കണ്ടുപിടിക്കണം. എല്ലായ്പോഴും മററ് പള്ളിയധികാരികളുടെ ഔദാര്യത്തെ ആശ്രയിച്ചു മാത്രം നമ്മുടെ ആരാധന ക്രമീകരിക്കേണ്ടിവരുന്നു.

ഇരുപത് അംഗങ്ങൾ മാത്രമുള്ള ഡൂംഗർപൂരിലെ നമ്മുടെ ആളുകളെ കൊണ്ടുമാത്രം ഒരു ദേവാലയം പണിയിക്കുവാൻ സാധിക്കയില്ല എല്ലാവരും താണ വരുമാനക്കാരാണ്. പള്ളിപണിക്ക് ഒന്നേകാൽ ലക്ഷം രൂപയോളം ചെലവു വരുമെന്നു കണക്കാക്കപ്പെടുന്നു. ഒരുവശത്ത് പണമില്ലാതെ ഞങ്ങൾ വിഷമിക്കുന്നു. മറുവശത്ത് മററ് സഭയിലും സമുദായത്തിലുമുള്ള മലയാളി സഹോദരന്മാർ ഇവിടെയുള്ള R. S. S. കാരേയും മററും സ്വാധീനിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഈയവസരത്തിൽ നീക്കിയിരുപ്പ് കണ്ടുകൊണ്ടല്ല ഞങ്ങൾ പള്ളിപണിയുന്നതിനു തുനിയുന്നത്. ഏലിയാവിന് കാക്കയെകൊണ്ട് അപ്പം കൊടുപ്പിച്ചവനായ ദൈവത്തിൽ വിശ്വസിച്ച് പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് മാത്രം പള്ളിപണി ആരംഭിച്ചതാണ്. ഈ സംരംഭം വിജയിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും സംഭാവന അയച്ചുതന്ന് സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പള്ളിപണിക്കു സംഭാവനകൾ ആവശ്യപ്പെട്ടുകൊണ്ട് ഭദ്രാസനാധിപൻ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 13/86-ാം നമ്പരായി കല്പന പുറപ്പെടുവിച്ചിട്ടുണ്ട്.

സംഭാവനകൾ FR. PHILIPOSE PHILIP, St. Gregorios School 19-old Fatehpura. Udaipur,Rajasthan-313001 എന്ന വിലാസത്തിൽ അയക്കുക.



# Jesus Christ, the Saviour of the world

The most amazing event that was ever presented to the mind of man, according to D. M. Panton, is the coming of Jesus Christ, written in prophecy in the Old Testament, and in biography in the four Gospels of the New Testament. The Books of the Old Testament were written during the period between the time of Moses and that of Malachi. Archaelogy gives conclusive evidence that this period was between 1500 B. C. and 400 B. C.

Nobody knew, even an year before, the birth of Alexander the Great, Napoleon or Shakespeare, that they were going to be born. An outstanding feature, which completely isolates Jesus Christ from every other person in the history of the world, is that His birth, life, death and resurrection were all pre-written in the most marvelous manner, centuries before He was born. The first prophecy about Jesus Christ occurs, in Genesis 3: 15, and this verse in the King James version reads: 'I will put enmitty between thee and the woman, and between thy seed and her seed; it shall bruise thy head, and thou shall bruise his heel'. In this verse the 'seed' of the woman is Jesus Christ, God says to Satan, or the serpent, in the garden of Eden, that when he would bruise the heel of Jesus Christ, or crucify Him, He in turn would bruise his head. This prophecy was made about 1500 years before the birth of Jesus Christ, and it was followed by other prophecies as well until the time of Malachi. It is counted that, about the first coming of Jesus Christ alone, there are 333 such prophecies in the Old Testament, which were all exactly fulfilled. To cite a few examples. Isaiah 7: 14 in the Old Testament reads; 'Behold, a virgin shall concieve, and bear a son'. This was fulfilled in Mathew 1: 18 in the New Testament, which reads; 'When as his mother Mary was expoused to Joseph before they came together, she was found with a child of the Holy Ghost'. The prophecy, 'They pierced my hands and my feet' (Ps 22: 16), is fulfilled in the verse; 'Where they crucified him' (John 19: 18). The prophecy 'Neither will thou suffer thine Holy One to see corruption' (Ps 16: 10) is fulfilled in 'But he, whom God raised again, saw no corruption' (Acts 13: 37). The prophecy, 'But he was wounded for our transgressions, he was bruised for our iniquities; The chastisement of our peace was upon him and with his stripes are we healed' (Isaiah 53: 5) was fulfilled in 'For this is my blood of the New Testment, which is shed for many, for the remission of sins' (St. Matt. 26: 28). Nobody challenges, or none can challenge the truth that the

Old Testament documents about Jesus Christ were given to the public centuries before His birth. Moreover the fuilfillment of the prophecies has happend only in the case of one man in the history of the world.

There are many religions in the world such as Mohammedanism, Buddhism, Hinduism, and so on, but none of their Holy books, except the Bible, has ever ventured to frame prophecies. From God alone comes true prophecies and they appear in the Bible. This fact is emphasized in Isaiah 46: 9, and 10. 'I am God, and there is none else; I am God, and there is none like me, declaring the end from the beginning, and from ancient times the things that are not yet done, saying, My counsel shall stand, and I will do all my pleasure'. The fact that no aberrations or variations exist between the Old Testament predictions of the coming Messiah and their New Testament fulfilments, proves beyond doubt, that the Bible is the inspired word of God. This fact further makes it evident that the God of the Bible, the only one who knows the end from the beginning and fulfils His word, is the true and living God. This also shows that Jesus Christ is the God-sent Saviour of the whole world.

KOSHY VAIDYAN, P.E., MIEE, MCEE.
Project Chief Engineer, Engineers Ltd., Chicago.

The coming of Christ, promised in the Old Testment and fulfilled in the New, is the grand central theme of the Bible. John Meladu in his book, 'Messiah in both Testaments' says that the Old Testament is in the New, is the New, revealed and the New is in the Old, concealed. Moreover, scientist Pascal says that Jesus Christ is revealed in both Testaments, the Old as its hope, the New as its model, and both as their centre. This Missiah, who is really God according to both Testaments is the Saviour of the whole world.

'Unto us a child is born, unto us a son is given: and the government shall be upon his shoulders: and his name shall be called wonderful Counselor, the mighty God, the everlasting Father, The Prince of Peace' (Isaiah 9: 6).

### ബാലികാസമാജവാർഷികം

ചെങ്ങന്നൂർ ഭദ്രാസന ബാലികാസമാജവാർഷികം ഡിസംബർ 7–ാം തീയതി ചെങ്ങന്നൂർ സെ. ഇഗ്നേഷ്യസ് പള്ളിയിൽവച്ച് നടന്നു. രാവിലെ വി. കുർബാനയും തുടർന്ന് സംഗീതം, പ്രസംഗം, വാക്യം എന്നിവയിലുള്ള മൽസരങ്ങളും ഉച്ചകഴിഞ്ഞ് പൊതുസമ്മേളനവും നടത്തപ്പെട്ടു. സമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസ്യോസ് തിരുമേനി അദ്ധ്യക്ഷം വഹിച്ചു.



(6–ാം പേജിൽനിന്നും തുടർച്ച)

## 'പരിശുദ്ധാത്മാവിൽ ജീവിതം'

രണ്ടും അന്യൂനം സംരക്ഷിക്കുന്നതിന് യുവതലമുറ ഉത്സുകരാകണമെന്നും പ്ര. ബാവാ ഉത്ബോധിപ്പിച്ചു.

'സ്വയം ത്യജിച്ച് മററുള്ളവരെ സ്നേഹിക്കുവാനുള്ള കഴിവ് പ്രാർത്ഥനയിലൂടെ നേടുവാൻ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷപ്രസംഗത്തിലൂടെ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു. പടങ്ങിൽ പൗലൂസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, സഭാ സെക്രട്ടറി ശ്രീ. പോളം മത്തായി, ശ്രീ. പി. സി. തോമസ് എം. എൽ. എ., ശ്രീമതി സൂസൻ നൈനാൻ എന്നിവർ ആശംസകളർപ്പിച്ചു. പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് സ്വാഗതം ആശംസിച്ചു.

സന്ധ്യാനമസ്ക്കാരാനന്തരം പ്രൊഫ. ഡോ. കെ. എം. തരകന്റെ ആമുഖപ്രസംഗത്തിലൂടെ കോൺഫ്രൻസ് പരിപാടികൾ ആരംഭിച്ചു. 'രക്തപ്രവാഹം തടസപ്പെട്ട് അവയവങ്ങൾ തളരുന്നതുപോലെ പരിശുദ്ധാത്മ വ്യാപാരം തടസപ്പെടുമ്പോൾ വ്യക്തിയും സമൂഹവും തളരുന്നു. പരിശുദ്ധാത്മാവ് വ്യാപരിക്കുമ്പോൾ അഖണ്ഡ മാനവസമുശ്ചയതുണരും' അദ്ദേഹം ചൂണ്ടിക്കാട്ടി.

അത്താഴത്തിനുശേഷം വിനോദസമ്മേളനം നടന്നു. 'ഇന്നു നീ വന്നാൽ ഇവർ നിന്നെ മുപ്പതും മൂന്നും ദിവസംപോലും വെച്ചിരിക്കില്ല. എങ്കിലും നീ വരില്ലേ...ദേവ!' എന്നു പാടിക്കൊണ്ട് പ്രശസ്ത കവി ചെമ്മനം ചാക്കോ ആ നിമിഷങ്ങളെ ധന്യമാക്കി.

ഡിസംബർ 26: വി. കുർബാനയ്ക്കും പ്രഭാതഭക്ഷണത്തിനും ശേഷം പ്രഥമ പാഠനക്ലാസ് ആരംഭിച്ചു. ഫാ. ററി. ജെ. ജോഷ്വാ 'പരിശുദ്ധാത്മാവും കൗദാശിക ജീവിതവും' എന്ന വിഷയത്തെപ്പററി ക്ലാസ് നടത്തി. 'ഈ പ്രകൃതി മുഴുവനും പുത്രത്വത്തിന്റെ അനുഭവത്തിലെത്തുമെന്നും അതിന്റെ ഈററുനോവാണ് ഇന്ന് ഈ പ്രപഞ്ചത്തിൽ കാണുന്നതെന്നും ബ. അച്ചൻ അനുസ്മരിപ്പിച്ചു. അതേ വിഷയത്തെപ്പററിത്തന്നെ ചർച്ചചെയ്തുകൊണ്ട് 11.15–ന് അഭിവന്ദ്യ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് ദ്വിതീയ പാഠനക്ലാസ് എടുത്തു. 'ഭൗതികം തെററാണെന്നും ആദ്ധ്യാത്മികം മാത്രം ശരിയാണെന്നും ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നില്ല. ഭൗതിക ശരീരവും ഉയിർത്തെഴുന്നേററ് ദൈവസന്നിധിയിൽ വസിക്കുവാനുള്ളതാണ്' എന്ന ദർശനത്തിലേക്ക് സദസിന്റെ ചിന്തയെ അദ്ദേഹം ഉണർത്തി.

ഉച്ചയ്ക്കുശേഷം നടന്ന വിദ്യാർത്ഥി സെമിനാർ തികച്ചും ശുഷ്ക്കമായിരുന്നു. 'നീതിയും സമാധാനവും' എന്നതായിരുന്നു വിഷയം. നീതിയും സമാധാനവും വെറും ഭൗതികമല്ലെന്നും. സംഘർഷങ്ങളില്ലാത്ത ശ്മശാനമൂകതയല്ല സമാധാനം എന്നും മററുമുള്ള ചില പതിവ് നെഗററീവ് വാചകങ്ങൾ മാത്രമെ സദസിനു നൽകുവാൻ കഴിഞ്ഞുള്ളു.

സന്ധ്യാനമസ്ക്കാരത്തിനുശേഷം വിശിഷ്ടാതിഥിയായി എത്തിയ സോൾ ഏഷ്യാഡ് താരം ഷൈനി ഏബ്രഹാമിന് സ്വീകരണം നൽകപ്പെട്ടു.

'എല്ലാവരുടെയും പ്രാർത്ഥനയും അനുഗ്രഹവും ഉണ്ടെങ്കിൽ ഏഷ്യാഡിൽ നഷ്ടപ്പെട്ട സ്വർണ്ണം തനിക്ക് ഒളിമ്പിക്സിൽ നേടാൻ കഴിയും; പ്രത്യാശയുണ്ട്' എന്ന് സ്വീകരണത്തിനു മറുപടി പറഞ്ഞകൂട്ടത്തിൽ അവർ പ്രസ്താവിച്ചു. 'പരിശുദ്ധാത്മാവും കൗദാശിക ജീവിതവും' ഒരു ചലച്ചിത്രപഥത്തിലെന്നപോലെ മനസ്സിൽ ചിത്രം വരച്ചുതന്ന അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ രണ്ടാമത്തെ ക്ലാസു നടന്നതും ആ രാത്രിയിൽ തന്നെ.

അരുണോദയപ്രഭയിൽ ഉത്സാഹതിമർപ്പോടെ എത്തിയ മൂന്നാം ദിവസമായ 27 ശനി: പെട്ടെന്നാണ് ആ വാർത്ത [illegible] അംഗങ്ങൾ ശ്രവിച്ചത്; അഭിവന്ദ്യ യാക്കൂബ് മാർ പോളിക്കർപ്പോസ് തിരുമനസ്സുകൊണ്ട് കാലം ചെയ്തിരിക്കുന്നു. ആ വന്ദ്യപിതാവിന്റെ ദേഹവിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് അനുശോചനസമ്മേളനം നടന്നു. സ്ററുഡൻറ് വൈസ് പ്രസിഡൻറ് സാം തോമസ് അനുശോചന പ്രമേയം അവതരിപ്പിക്കുകയും തുടർന്ന് തിരുമനസ്സിന്റെ ആത്മശാന്തിക്കായി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

10.30–ന് ഫാ. മാത്യു വൈദ്യൻ അന്നത്തെ പ്രഥമ പാഠനക്ലാസ്സിനു സന്നിഹിതനായി. 'മണ്ണിനോടുള്ള പ്രേമം ഉപേക്ഷിച്ച് വിണ്ണിലേക്കു പറക്കുവാൻ നമുക്കു കഴിയുമോ?'–ബ. വൈദ്യനച്ചൻ ചോദിച്ചു.

12 മണിക്ക് 'യുവാക്കളുടെ പ്രശ്നങ്ങൾക്ക് ക്രിസ്തീയവീക്ഷണം' കണ്ടെത്തുവാൻ ഫാ. ഒ. തോമസ് ചർച്ചയാരംഭിച്ചു. 'ഒരന്യമായ പാശ്ചാത്യ സംസ്ക്കാരത്തെ അനുകരിക്കുവാനുള്ള വ്യഗ്രതയാണ് യുവാക്കളുടെ ഒരു പ്രധാന പ്രശ്നമെന്നും മററും അച്ചൻ പറയുമ്പോൾ സദസ് ആകെക്കൂടി ഒന്നിളകിയിരുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ സഖറിയാസ് മാർ ദീവന്നാസ്യോസ് തിരുമനസ്സുകൊണ്ട് ധ്യാനത്തിനു തുടക്കം കുറിച്ചു. തുടർന്ന് ഫാ. വറുഗീസ് പണിക്കർ, ഫാ. ജോബ് ഒ. ഐ. സി. എന്നിവരുടെ ധ്യാനക്ലാസസുകളും വി. കുമ്പസാരവും നടന്നു. ആത്മശുദ്ധീകരണത്തിലൂടെ ഉയിർത്തെഴുന്നേററ വിദ്യാർത്ഥികളിൽ സുഷ്ട്യുന്മുഖതയുടെ ദൈവീകപ്രകാശം പരന്നു. പരിപൂർണ്ണ നിശബ്ദതയുടെ കരങ്ങളിൽ അന്നത്തെ രാത്രി അമർന്നു മയങ്ങി.

സമാപനദിനമായ 28 ഞായർ. അനുദിനജീവിതത്തിനാവശ്യമായ വി. കുർബാന അനുഭവിച്ച് മുഴുവൻ അംഗങ്ങളും പുതുക്കം പ്രാപിച്ചു.

നിർമ്മല അലക്സിൻെറയും സംഘത്തിൻേറയും എം. ജി. ഒ. സി. എസ്. എം. ഗാനത്തോടെ സമാപനസമ്മേളനം ആരംഭിച്ചു. ശ്രീ. തോമസ് മാത്യു ഐ. എ. എസ് വിശിഷ്ടാതിഥിയായിരുന്നു. 'ഭാഗ്യത്തിനുവേണ്ടി കാത്തിരിക്കരുത്. കഠിനാദ്ധ്വാനം ചെയ്യണം'. സ്വന്ത അനുഭവത്തിലൂടെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.

പിന്നീടു നടന്ന മൂല്യനിർണ്ണയ സമ്മേളനത്തിൽ വിവിധ യൂണിററുകളിൽ നിന്നെത്തിയ അംഗങ്ങൾ തങ്ങളുടെ അനുഭവം വ്യക്തമാക്കുകയും ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കുകയും ചെയ്തു. സമാപനപ്രാർത്ഥനയോടുകൂടി 1.15–ന് നാലു ദിവസം നീണ്ടുനിന്ന സമ്മേളനത്തിന് തിരശീല വീണു.

അഭിവന്ദ്യ പ്രസിഡണ്ട് തിരുമേനിയുടെ അസാന്നിദ്ധ്യം പ്രത്യേകം സമ്മേളത്തിൽ നിഴലിച്ചിരുന്നുവെങ്കിലും അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ ആദ്യന്ത സാന്നിദ്ധ്യം അനുഗ്രഹപ്രദമായിരുന്നു. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ്, അഭിവന്ദ്യ പൗലൂസ് മാർ മിലീത്തിയോസ്, ഫാ. പൗലൂസ് ഒ. ഐ. സി. തുടങ്ങിയവർ സമ്മേളത്തിൽ എത്തി ആശംസകളർപ്പിക്കുകയുണ്ടായി. അനേക വൈദികരും ശെമ്മാശന്മാരും സമ്മേളനത്തിൽ ആദ്യന്തം പങ്കെടുത്തു. ഡീ. തോമസ് കുര്യൻ, ഡീ. എം. സി. ചെറിയാൻ തുടങ്ങിയവരുടെ നേതൃത്വം സമ്മേളനത്തിൻെറ പരിപൂർണ്ണ അച്ചടക്കത്തിന് സഹായിച്ചു.

ചോദ്യോത്തര വേളകളിലെല്ലാം അഴിമതിയെ ചുററിപ്പററിയുള്ള ചോദ്യങ്ങളാണ് കൂടുതൽ ഉയർന്നതെങ്കിലും 'ക്രിസ്തുവിൻെറ ആറാം മുറിവും', 'തങ്കമണി സംഭവവും' ബന്ധപ്പെടാതിരുന്നില്ല. ഗ്രൂപ്പു ചർച്ചകളിൽനിന്നും ക്രിയാത്മകമായി എന്തെങ്കിലും ഒരാശയം ഉയർന്നില്ല ആരുടെ നാമത്തിൽ പ്രസ്ഥാനം സ്ഥാപിതമായോ ആ പുണ്യ പിതാവിൻെറ കബറിടത്തിൽ കണ്ണീരൊഴുക്കിക്കൊണ്ട് നടയിറങ്ങിയ അംഗങ്ങളുടെ കണ്ണുകളിൽ അടുത്ത കോൺഫ്രൻസിനുവേണ്ടിയുള്ള കാത്തിരിപ്പിൻെറ ലാഞ്ചന ഉണ്ടായിരുന്നില്ലേ?

---

രോഗശാന്തിക്ക്



താമസിച്ചതിനു ക്ഷമാപണം
കുഞ്ഞൂഞ്ഞമ്മ നെബു.



## സെൻട്രൽ ജയിലിൽ വി. കുർബാന അർപ്പിച്ചു

തുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി തിരുവനന്തപുരം സെൻട്രൽ ജയിൽ സന്ദർശിച്ച് വി. കുർബാന അർപ്പിച്ചു. തിരുമേനിയെ ജയിലിലെ അന്തേവാസികൾ ബൊക്കേ നൽകി സ്വീകരിച്ചു. (മാസത്തിലെ രണ്ടാം ശനിയാഴ്ച രാവിലെ 7 മുതൽ 9 വരെയുള്ള സമയം ഓർത്തഡോക്സ്കാർക്ക് ആരാധനയ്ക്കായി ജയിൽ ചാപ്പൽ അനുവദിച്ചിട്ടുണ്ട്). വി. കുർബാനാനന്തരം മെത്രാപ്പോലീത്താ പ്രസംഗിച്ചു. മെത്രാപ്പോലീത്തായുടെ സന്ദർശനത്തിലുള്ള കൃതജ്ഞത തടവുകാർ പ്രകടിപ്പിച്ചു.

മാസത്തിലെ രണ്ടാം ശനിയാഴ്ച സെൻട്രൽ ജയിലിൽ വി. കുർബാന അർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ (മെത്രാപ്പോലീത്തൻമാർ, വൈദികർ) തിരുവനന്തപുരത്തുള്ള ഓർത്തഡോക്സ് സ്ററുഡൻറ്സ് സെൻററുമായി ബന്ധപ്പെട്ടാൽ വേണ്ട ക്രമീകരണം ചെയ്തുതരുന്നതായിരിക്കും.

Warden, Students Centre,
Gas House Junction, Trivandrum–1.

## പുസ്തകം സമ്മാനിച്ചു.

സെൻട്രൽ ജയിൽ ചാപ്പലിലേക്കാവശ്യമുള്ള വി. കുർബാനക്രമ പുസ്തകങ്ങളും ജയിലിലെ അന്തേവാസികൾക്കായി വേദപുസ്തകം, നമസ്ക്കാരക്രമം എന്നിവയും യൗസേബിയോസ് തിരുമേനി വിതരണംചെയ്തു. മലങ്കരസഭാ മാസികയുടെ വരിക്കാരിൽനിന്നുമാണ് ഇതിലേക്ക് കൂടുതൽ തുക കിട്ടിയിട്ടുള്ളത്. തിരുവനന്തപുരം സ്ററുഡൻറ്സ് സെൻറർ ഹോസ്ററലിലെ വിദ്യാർത്ഥികൾ, ദിവ്യബോധനം തിരുവനന്തപുരം യൂണിററംഗങ്ങൾ, ജേക്കബ് ഉമ്മൻ (സൗദി അറേബ്യ), ഫാദർ സഖറിയ (ബഥനി ആശ്രമം), MGOCSM Book Shop എന്നിവരിൽനിന്നാണ് ജയിലിലേക്കാവശ്യമുള്ള പുസ്തകത്തിനുവേണ്ടി ആദ്യമേ പ്രോൽസാഹനം ലഭിച്ചത്.

മലങ്കരസഭ മാസികയിലൂടെ ഈ ആവശ്യം കാണിച്ച് വിദേശങ്ങളിലേക്ക് എഴുതിയ മാസികാ മാനേജർ ഫാ. ററി. ജി. സഖറിയായും വിദേശത്തുനിന്നും പണം അയച്ചുതന്ന് ഈ സംരംഭത്തെ സഹായിച്ച എല്ലാവരും ശ്ലാഘനീയരാണ്. ഇനിയും ആരെങ്കിലും ജയിലിൽ പുസ്തകം കൊടുത്ത് ഈ പരിപാടിയുമായി സഹകരിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ Fr. T. G. Zacharia, Manager, Malankara Sabha Magazine, Kottayam-38 എന്ന വിലാസത്തിൽ 'ജയിലിലേക്കുള്ള പുസ്തകത്തിനു സംഭാവന' എന്ന പേരിൽ അയക്കുവാൻ ഓർമിപ്പിക്കുന്നു.

ഡീക്കൻ എം. സി. ചെറിയാൻ

## വട്ടശേരിൽ മാർ ഡയനേഷ്യസ് ഹോം മുടവൂർ

പുണ്യശ്ലോകനായ വട്ടശേരിൽ മാർ ദീവന്നാസ്യോസ് തിരുമനസിലെ നാമധേയത്തിൽ പ. കാതോലിക്കാബാവാ തിരുമനസിലെ ഉടമസ്ഥതയിൽ മുടവൂർ മാർ ഗ്രീഗോറിയോസ് കാതോലിക്കേററ് സെൻററിനോടനുബന്ധിച്ച് പണിതുകൊണ്ടിരിക്കുന്ന വൃദ്ധമന്ദിരം അടുത്ത ഫെബ്രുവരി മാസത്തിൽ ഉൽഘാടനം ചെയ്യുവാൻ ആഗ്രഹിക്കുന്നു.

16 പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യത്തോടുകൂടി പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് ഇതുവരെ 5 ലക്ഷത്തോളം രൂപ ചിലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും 1 ലക്ഷം രൂപകൂടി ഉണ്ടെങ്കിൽ കെട്ടിടത്തിൻെറ പണി പൂർത്തിയാക്കുവാൻ കഴിയും. സന്മനസുള്ള സമുദായസ്നേഹികളുടെ സഹായം പ്രതീക്ഷിക്കുന്നു. കൂടാതെ ഓൾഡേജ് ഹോമിൽ താമസിക്കുവാൻ ആഗ്രഹിക്കുന്നവർ 1986 ജനുവരി 30–ാം തീയതിക്കകമായി താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷ അയക്കേണ്ടതാണ്.

ഫാ. കെ. സി. സഖറിയ, പുളിക്കാക്കുടി,
മുടവൂർ പി. ഒ, മൂവാററുപുഴ.

## ഏകദിനസമ്മേളനം

കോട്ടപ്പടി: പഴഞ്ഞി എം. ഡി. കോളേജിലെ എം. ജി. ഒ. സി. എസ്. എം. യൂണിററിൻെറ ഏകദിനസമ്മേളനം നവ. 22–ാം തീയതി കോട്ടപ്പടി സെ. ജോർജ് പള്ളിയിൽവച്ച് ഓർത്തഡോക്സ് ചർച്ച് ആക്ഷൻ സൊസൈററിയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു.

വിദ്യാർത്ഥികൾ തങ്ങളുടെ ചുററുപാടുകളെക്കുറിച്ച് ബോധമുള്ളവരായി, ആനുകാലികപ്രശ്നങ്ങളെ വിവേചിച്ചറിഞ്ഞ് ക്രൈസ്തവപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുള്ള കെല്പ് ആർജജിച്ചു വളരേണ്ടതിൻെറ ആവശ്യകതകുന്നംകുളം മെത്രാപ്പോലീത്താ പൗലോസ് മാർ മിലീത്തിയോസ് ഉൽഘാടനപ്രസംഗത്തിൽ ഊന്നിപ്പ

റഞ്ഞു. കോളജ് പ്രിൻസിപ്പാൾ പ്രൊ. കുറിയാക്കോസ് അദ്ധ്യക്ഷനായിരുന്നു. വൈദികസെമിനാരി പ്രൊഫസർ ഫാ. എം. ഏ. മത്തായി ക്ലാസെടുത്തു. ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് സംഘടനാപ്രവർത്തനങ്ങൾ വിശദീകരിച്ചു.

### വാർഷികധ്യാനവും കൂദാശയും

മദ്രാസ്: ആവടി രാമലിംഗപുരം ഓർത്തഡോക്സ് പള്ളിയിലെ വാർഷികധ്യാനം സഖറിയാസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഡിസംബർ 22-ന് നടത്തി. 23-ന് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും വികാരി ഫാ. ജോൺ തോമസ്, ഫാ. സ്കറിയാ എന്നിവരുടെ സഹകരണത്തിലും വി. മൂന്നുമ്മേൽ കുർബാനയും തുടർന്ന് പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ച പാരിഷ് ഹാളിൽ കൂദാശയും തിരുമനസ്സുകൊണ്ട് നടത്തി.

## ബ്രോങ്ക്സ് പള്ളികൂദാശയും ഇടവക വാർഷികവും

അമേരിക്കയിൽ ന്യൂയോർക്കിലെ ബ്രോങ്ക്സ് സെ. മേരീസ് പള്ളിയുടെ കൂദാശ 1996 ഒക്ടോബർ 31, നവംബർ 1 തീയതികളിൽ ഇടവകയുടെ 13-ാം വാർഷികദിനത്തോടനുബന്ധിച്ച് നിയുക്ത ശ്രേഷ്ഠ കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും, കൊച്ചി ഭദ്രാസനത്തിന്റെ യൂഹാനോൻ മാർ സേവേറിയോസ്, അമേരിക്കൻ ഭദ്രാസനത്തിന്റെ തോമസ് മാർ മക്കാറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും അനേകം വൈദികരുടെ സാന്നിദ്ധ്യത്തിലും മംഗളകരമായി നടന്നിരിക്കുന്നു. ഒക്ടോബർ 31-ാം തീയതി വൈകിട്ട് ആറുമണിക്ക് സന്ധ്യാനമസ്കാരത്തോടുചേർന്ന് വിശുദ്ധ കൂദാശയുടെ ഒന്നാം ഭാഗവും 'കല്ലിടീൽ' കർമ്മവും, ശനിയാഴ്ച രാവിലെ പ്രഭാതനമസ്കാരത്തോടു ചേർന്ന് രണ്ടാം ഭാഗമായ മൂറോൻ അഭിഷേകം ചെയ്തുള്ള കൂദാശയുടെ രണ്ടാം ഭാഗവും നടത്തി. കൂദാശയെ തുടർന്ന് കൂറിലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും റവ. ഫാ. എം. കെ. തോമസ്, റവ. ഫാ. പി. എസ്. ശമുവേൽ എന്നിവരുടെ സഹകരണത്തിലും വി. മൂന്നിൻമേൽ കുർബാനയും നടത്തുകയുണ്ടായി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നും ക്യാനഡായിൽനിന്നും വളരെയേറെ ആളുകൾവന്ന് ഈ വിശുദ്ധകർമ്മത്തിൽ സംബന്ധിച്ചിരുന്നു. എല്ലാവർക്കും കൂദാശയെ തുടർന്ന് വിഭവസമൃദ്ധമായ ഭക്ഷണവും നൽകുകയുണ്ടായി.

വി. കൂദാശയ്ക്കുശേഷം ദേവാലയ നിർമ്മാണത്തിൽ ഏർപ്പെട്ട ആർക്കിടെക്റ്റ് മി. റോൺ ടേൺക്വിസ്റ്റ്, ബിൽഡർ മി. ജോസഫ്, ആർട്ടിസ്റ്റ് തിരുവല്ല ബേബി എന്നിവർ ഇടവക വകയായ പാരിതോഷികങ്ങൾ നിയുക്ത കാതോലിക്കായിൽനിന്നും ഏറ്റുവാങ്ങി. 14 വർഷങ്ങളായി ഫാ. ഏ. കെ. ചെറിയാൻ ഇടവകയ്ക്കു നൽകിയ നേതൃത്വത്തെയും സേവനത്തെയും അഭിനന്ദിച്ച് സെക്രട്ടറി മി. തോമസ് പണിക്കർ, മർത്തമറിയം സമാജം സെക്രട്ടറി ഏലിയാമ്മ ഉമ്മൻ എന്നിവർ പ്രസംഗിക്കുകയും ഇടവകയുടെയും മർത്തമറിയം സമാജത്തിന്റെയും വകയായുള്ള പാരിതോഷികങ്ങൾ ഫാ. ചെറിയാൻ നിയുക്ത കാതോലിക്കായിൽനിന്നും ഏറ്റുവാങ്ങുകയും ചെയ്തു. അതിനുശേഷം പള്ളിയുടെ താക്കോൽദാനം നടന്നു. പള്ളിട്രസ്റ്റി മി. എം. സി. മത്തായിയിൽനിന്നും താക്കോൽ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കുവേണ്ടി നിയുക്ത കാതോലിക്കാ ഏറ്റുവാങ്ങുകയും, അത് അദ്ദേഹം ഭദ്രാസന മെത്രാപ്പോലീത്തായെ ഏൽപ്പിക്കുകയും, മെത്രാപ്പോലീത്തായിൽനിന്നും വികാരി അത് ഏറ്റുവാങ്ങുകയും ചെയ്തു. തുടർന്ന് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഒരു ചെറുപ്രസംഗത്തോടെ തിരുമേനിമാരുടെ പേരും, കൂദാശയുടെ തീയതിയും ലേഖനംചെയ്ത ഫലകം അനാഛാദനം ചെയ്തതോടെ ബ്രോങ്ക്സ് പള്ളിയുടെ കൂദാശ സംബന്ധിച്ച കാര്യങ്ങൾ പൂർത്തിയായി.

### ഭക്തിവാക്യങ്ങൾ

വി. വേദപുസ്തകത്തിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള വാക്യങ്ങൾ അഭിവന്ദ്യ ബർന്നബാസ് തിരുമേനി തെരഞ്ഞെടുത്തു തയ്യാറാക്കിയിട്ടുള്ളതാണ് 'ഭക്തിവാക്യങ്ങൾ' എന്ന പേരിൽ ഈ മാസം മുതൽ 'മലങ്കരസഭ'യിൽ പ്രസിദ്ധപ്പെടുത്തുന്നത്.

(പത്രാധിപർ)

### കശ്ശീശാപട്ടം നൽകി

വള്ളംകുളത്ത് കൊച്ചുതെക്കേതിൽ ഡീക്കൺ കെ. സി. ജേക്കബിന് സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ 1987 ജനുവരി 5-ാം തീയതി വള്ളംകുളം സെന്റ് മേരീസ് പള്ളിയിൽവച്ച് കശ്ശീശാപട്ടം നൽകി.



## കോറെപ്പിസ്ക്കോപ്പാസ്ഥാനം നൽകി



അമേരിക്കയിൽ ചിക്കാഗോ സെന്റ് മേരീസ പള്ളി വികാരിയും ചിക്കാഗോസിറ്റി കോളേജുകളിലെ പ്ലാനിംഗ് വിഭാഗാദ്ധ്യക്ഷനുമായ റവ. ഡോ. കുര്യൻ തോട്ടുപുറത്തിന്, നിയുക്ത കാതോലിക്കാ മാർ കൂറിലോസ് തിരുമേനി, മാർ മക്കാറിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിൽ കോറെപ്പിസ്ക്കോപ്പാസ്ഥാനം നൽകി. അഞ്ഞൂറിലധികം ജനങ്ങൾ സംബന്ധിച്ച ഭക്തിനിർഭരമായ ചടങ്ങിൽ നമ്മുടെ സഭയിലെ പട്ടക്കാരും റഷ്യൻ, റുമേനിയൻ, ഗ്രീക്ക്, ആംഗ്ലിക്കൻ, റോമൻ തുടങ്ങിയ സഭകളിൽനിന്നുള്ള പ്രതിനിധികളും സംബന്ധിച്ചിരുന്നു. ഗ്രീക്ക് ഓർത്തഡോക്സ്സഭാ ആർച്ചുബിഷപ്പ് യാക്കോബോസ്, റുമേനിയൻ സഭാതലവൻ നഥാനിയേൽ പോപ്പ്, ആംഗ്ലിക്കൻ ബിഷപ്പ് ജെയിംസ് മോണ്ട് ഗോമറി, സെനറ്റർ അലൻ ഡിക്സൻ തുടങ്ങിയവർ പുതിയ കോർ എപ്പിസ്ക്കോപ്പായ്ക്ക് ആശംസകൾ അയച്ചവരിൽ ഉൾപ്പെടുന്നു.

കുര്യൻ കോറെപ്പിസ്ക്കോപ്പാ ചിക്കാഗോയിലെ സെ. തോമസ് സെ. മേരീസ് തുടങ്ങിയ പള്ളികളുടെ സ്ഥാപനത്തിനു നേതൃത്വം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റി അദ്ധ്യാപകൻ, വിദ്യാഭ്യാസ പ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം അമേരിക്കൻ ഭദ്രാസന കൗൺസിൽ മെമ്പറായിരുന്നു. ഇപ്പോൾ ലിററർജിക്കൽ കമ്മററിയിലെ മൂന്നംഗങ്ങളിൽ ഒരാളും ഭദ്രാസനത്തിന്റെ എക്യുമെനിക്കൽ റിലേഷൻസിന്റെ ഡയറക്ടറുമാണ്. എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ പേരിൽ ചിക്കാഗോ സിററിസൺസ് കൾച്ചറൽ ഫൗണ്ടേഷന്റെ 1985 ലെ മതസേവനത്തിനുള്ള വിശിഷ്ട അവാർഡ് വാങ്ങിയ ഡോ. കുര്യൻ തോട്ടുപുറം ചിക്കാഗോ യൂണിവേഴ്സിററി ഡിവിനിററി സ്ക്കൂളിനോടനുബന്ധിച്ചുള്ള എക്യുമെനിക്കൽ ചർച്ചാ സംഘത്തിലെ രണ്ട് ഓർത്തഡോക്സ്കാരിൽ ഒരാളാണ്.

### വൈദിക കോൺഫറൻസ്

ചെങ്ങന്നൂർ ഭദ്രാസനത്തിലെ വൈദികരുടെ സമ്മേളനം ഡിസംബർ 13-ാം തീയതി പേരിശേരി സെ. മേരീസ് പള്ളിയിൽ ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. വി. കുർബാനയ്ക്കുശേഷം നടന്ന ചർച്ചകളിൽ പി.സി. ഏബ്രഹാം കോറെപ്പിസ്ക്കോപ്പാ, ഫാ.സി.ജെ. ജോർജ്, ഫാ. കെ. സി. ജേക്കബ്, ഫാ. ററി. ജി. സഖറിയ ഫാ. കെ. എസ്. ശമുവേൽ എന്നിവർ നേതൃത്വം നൽകി.

കുലത്താക്കൽ ജോർജ് കോറെപ്പിസ്ക്കോപ്പായുടേയും നെടിയവിള ഫാ. കെ. മത്തായിയുടെയും നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഫാ. മത്തായിയുടെ കുടുംബക്ഷേമനിധിയിലേക്ക് 10000 രൂപാ കൂടിയിരുന്ന വൈദികർ

### നോമ്പിലെ കുടുംബാരാധനക്രമം

സാധാരണ ദിവസങ്ങളിൽ കുടുംബങ്ങളിൽ ഉപയോഗിക്കുന്നതിന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കുടുംബാരാധനക്രമം പുസ്തകംപോലെ മൂന്നുനോമ്പിലെയും, വലിയനോമ്പിലെയും, ഹാശാ ആഴ്ചയിലെയും പ്രാർത്ഥനകൾ പ. സുന്നഹദോസ് തയ്യാറാക്കിയിട്ടുള്ളത് അടുത്തുവരുന്ന നോമ്പുകളിൽ ഉപയോഗിക്കത്തക്കവണ്ണം മലങ്കര ഓർത്തഡോക്സ്സഭാ പ്രസിദ്ധീകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

ഫാ. ററി. ജി. സഖറിയ, സെക്രട്ടറി,
എം. ഓ. സി. പബ്ലിക്കേഷൻസ്,
കാതോലിക്കേററ് ഓഫീസ്, കോട്ടയം-38.

എന്ന മേൽവിലാസത്തിൽ എഴുതുക.

ഉദ്ഘാടനം ചെയ്തു. പള്ളികളിൽനിന്നും വ്യക്തികളിൽനിന്നും മററുമായി ഒരു ലക്ഷം രൂപയുടെ ഫണ്ട് ഇതിലേക്ക് ശേഖരിക്കണമെന്നുള്ള അദ്ധ്യക്ഷൻ തിരുമേനിയുടെ നിർദ്ദേശം യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

## കോളേജ് ശിലാസ്ഥാപനം

മലങ്കരസഭ വകയായി ഭിലായ് മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള സെ. തോമസ് കോളേജ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഭിലായ് സ്ററീൽ പ്ളാന്റ് ഡയറക്ടർ ഡോ. കെ. ആർ. സംഗമേശ്വരൻ നിർവ്വഹിച്ചു. ഡിഗ്രി ക്ളാസുകൾ മാത്രം ആരംഭിച്ചിട്ടുള്ള കോളേജിൽ പോസ്ററ് ഗ്രാഡ്യുവേററ് കോഴ്സും ആരംഭിക്കുന്നതാണ്. 15 ലക്ഷം രൂപ കെട്ടിടനിർമ്മാണത്തിന് വേണ്ടി വരും. കോളേജിന് ആവശ്യമുള്ള അഞ്ച് ഏക്കർ സ്ഥലം ഭിലായ് മിഷ്യന് സ്ററീൽ പ്ളാന്റിൽ നിന്നും നൽകിയിട്ടുണ്ട്.

ശിലാസ്ഥാപനത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ സ്ററീൽ പ്ളാന്റ് ജനറൽ മാനേജർ കൃഷ്ണസ്വാമി, രവി ആര്യ എം. എൽ. എ, പി. സി. ബാഫന എന്നിവർ പ്രസംഗിച്ചു. മിഷ്യൻ ഡയറക്ടർ സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ സ്വാഗതവും പ്രിൻസിപ്പാൾ ഫാ വി. ജോൺ കൃതജ്ഞതയും പറഞ്ഞു.

## ഹൂസ്ററൻ പള്ളി കൂദാശ

അമേരിക്കയിൽ ടെക്സാസ് സ്റേററിലെ ഹൂസ്ററനിൽ പ. പരുമല തിരുമേനിയുടെ നാമത്തിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ദേവാലയത്തിന്റെ കൂദാശ നവംബർ 28, 29 തീയതികളിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ മക്കാറിയോസ് എന്നീ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 28–ാം തീയതി സന്ധ്യാപ്രാർത്ഥനയെ തുടർന്ന് വി. ത്രോണോസിന്റെ കല്ലിട്ടിൽകർമ്മം തിരുമേനിമാർ നിർവ്വഹിച്ചു. 29–ാം തീയതി പ്രഭാത നമസ്കാരത്തിനുശേഷം പള്ളി കൂദാശയും വി. കുർബാനയും നടത്തി. കൂറിലോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. പള്ളിപണി സ്മാരകമായി പ്രസിദ്ധപ്പെടുത്തിയ സോവനീറിന്റെ പ്രകാശനം മാർ കൂറിലോസ് തിരുമേനി നിർവഹിച്ചു. എട്ടു വർഷം മാത്രം പ്രായമുള്ള ഹൂസ്ററനിലെ മാർ ഗ്രിഗോറിയോസ് കോൺഗ്രിഗേഷൻ ഇന്ന് അമേരിക്കയിലെ 32 കുടുംബക്കാരുള്ള ഒരു നല്ല ഇടവകയായിത്തീർന്നതിലും അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് പള്ളികളിൽ ഏററവും വലുതും മനോഹരവുമായ ഒരു ദേവാലയം ഇവിടെ പണിതീർത്തതിലും ഇടവകക്കാരെയും പ്രത്യേകാൽ വികാരി ഫാ. സഖറിയാ വേണാട്ടുകളത്തിലിനെയും ഇടവക മെത്രാപ്പോലീത്താ അഭിനന്ദിച്ചു.

പള്ളിപണിക്ക് 20000 ഡോളർ (260000 രൂപാ) ഇതുവരെ ചെലവായിട്ടുണ്ട്. പള്ളികൂദാശയിലും തുടർന്നുള്ള ചടങ്ങുകളിലും അമേരിക്കയുടെ നാനാഭാഗങ്ങളിൽനിന്നായി വിവിധ സഭാംഗങ്ങളുടെ ഒരു വലിയ കൂട്ടം വൈദികരടക്കം സംബന്ധിച്ചിരുന്നു. കൂദാശയെ തുടർന്ന് വിഭവസമൃദ്ധമായ ലഞ്ചുസൽക്കാരവും ഉണ്ടായിരുന്നു.

## ബേസിൽ അസോസിയേഷൻ

ന്യൂയോർക്ക് കേന്ദ്രം ആക്കി പ്രവർത്തിക്കുന്ന ബേസിൽ അസോസിയേഷന്റെ ഉദ്ഘാടനം കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ സേവറിയോസ് തിരുമേനി നിർവ്വഹിച്ചു. അസോസിയേഷൻ പ്രസിഡണ്ട് ഫാ. പി. എസ്. സാമുവേൽ വിജ്ഞപ്തി പ്രസംഗം നടത്തി. വെ. റവ. ഡോ. കെ. എം. സൈമൺ കോറെപ്പിസ്ക്കോപ്പാ, വെരി. റവ. ശങ്കരത്തിൽ യോഹന്നാൻ കോർ എപ്പിസ്ക്കോപ്പാ, ഫാ. എ. കെ. ചെറിയാൻ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് പ്രസംഗിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ നാനാമുഖമായ വളർച്ചയ്ക്കു വേണ്ടി നിസ്വാർദ്ധ സേവനം നടത്തുക എന്നതാണ് പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ഈ അസോസിയേഷന്റെ ലക്ഷ്യം. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനിയാണ് ഇതിന്റെ പേട്രൺ. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ബേസിൽ പബ്ളിക്കേഷൻസ് എന്ന പ്രസിദ്ധീകരണശാലയും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. യോഗത്തിനു മുമ്പ് ഫാ. എ. കെ. ചെറിയാൻ സെൻറ് ബേസിൽ ഹാളിൽ വി. കുർബാന അർപ്പിച്ചു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ധാരാളം ആളുകൾ വി. കുർബാനയിലും യോഗത്തിലും സംബന്ധിച്ചു.

## ബൈബിൾപഠനം

ചില സാങ്കേതിക തടസംമൂലം ഇത്തവണ ബൈബിൾ പഠനം മാസികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചില്ല. അടുത്ത ലക്കംമുതൽ തുടർന്ന് പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

(പത്രാധിപർ)



ചെങ്ങന്നൂർ ഭദ്രാസനാസ്ഥാനത്തിൽ പണികഴിപ്പിക്കുന്ന അഡ്മിനിസ്ട്രേററീവ് ബ്ളോക്കിന്റെ ശിലാസ്ഥാപനത്തിനു മുമ്പ്, അടിസ്ഥാനശില പ.കാതോലിക്കാബാവാ തിരുമേനി ആശിർവദിക്കുന്നു. ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായെയും കാണാം.



ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാന 78–ാം വാർഷിക സമ്മേളനം പരുമല സെമിനാരിയിൽ വച്ച് പ. ബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പാ, സഭാ സെക്രട്ടറി പോൾ മത്തായി, പി. സി. തോമസ് എം. എൽ. എ. എന്നിവരെയും കാണാം.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686038



Inserted by

തരകൻ
വെങ്ങാഴിയിൽ
തിരുവനന്തപുരം

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38